Private Circulation only

# ട്രൈബൽന്യൂസ്

ഒക്ടോബർ- നവംബർ 2025





വയനാട് ട്രൈബൽ മിഷൻ പൊതുആരാധനയിൽ
ഡോ. കെ. മുരളീധർ MD, MNAMS പ്രസംഗിക്കുന്നു.

# എഡിറ്റോറിയൽ



എഡിറ്റർ
റ്റി. ജയദാസ് കളരിയ്ക്കൽ 9747442935

കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിൻ അനുഗ്രഹീത നാമത്തിൽ സ്നേഹവന്ദനം!

താങ്കളുടെ സ്നേഹത്തിനും സഹകരണത്തിനുമായി ഞാൻ ദൈവത്തെ വാഴ്ത്തുകയും നന്ദിപറയുകയും ചെയ്യുന്നു. റോമ ലേഖനം 1:28 ൽ ഇപ്രകാരം വായിക്കുന്നു. ''ദൈവത്തെ പരിജ്ഞാനത്തിൽ ധരിപ്പാൻ ഇഷ്ടമില്ലാത്തതിന് തക്കവണ്ണം ദൈവം അവരെ ഉചിതമല്ലാത്തതു ചെയ്യുവാൻ നികൃഷ്ട ബുദ്ധിയിൽ ഏൽപ്പിച്ചു. ഒരു ദൈവമുണ്ടെന്ന് എല്ലാ മതസ്ഥരും വിശ്വസിക്കുന്നു. എന്നാൽ പരിജ്ഞാനത്തിൽ ധരിക്കുക എന്നാൽ ദൈവത്തെ ഉള്ളതുപോലെ ഗ്രഹിക്കുക എന്നർത്ഥം. ദൈവത്തെ ആരും ഒരു നാളും കിട്ടില്ല. ദൈവത്തിന്റെ സ്വഭാവ ഗുണങ്ങളിൽ ചിലതെല്ലാം മനുഷ്യൻ അനുഭവിച്ചുകൊണ്ടിരിക്കുന്നതുകൊണ്ട് ദൈവം ആ വിധത്തിലുള്ള ആളാണെന്നുള്ള നിഗമനത്തിൽ അവർ എത്തുന്നു. അപ്രകാരം കാലങ്ങൾ മുമ്പോട്ടുപോകവെ ദൈവം ആരാണെന്നു വെളിപ്പെടുത്തുവാൻ ദൈവംമനുഷ്യനായി അവതരിച്ചു അവനാണ് യേശുക്രിസ്തു. ദൈവവും മനുഷ്യനുമായിട്ടുള്ള ആ വലിയവിടവ് നികത്തുവാൻ യേശു പൂർണ്ണ മനുഷ്യ നായി ദൈവമായി മനുഷ്യരുടെ ഇടയിൽ ജീവിച്ചു.

നികൃഷ്ടബുദ്ധിക്ക് അടിമയായി പാപത്തിൽ ജീവിച്ച് മാനവജാതിയെ ദൈവത്തോട് നിരപ്പിക്കുവാൻ അവൻ മദ്ധ്യസ്ഥനായി ജീവിച്ചു. പാപം ചെയ്യുന്ന ദേഹി മരിക്കും എന്നുള്ള ദൈവിക പ്രമാണം അതേപടി നിലനിർത്തിക്കൊണ്ട് മാനവ ജാതിയുടെ പാപത്തെ തന്റെ മഹത് ശരീരത്തിൽ വഹിച്ചുകൊണ്ട് പാപമില്ലാത്തവൻ പാപികൾക്ക് വേണ്ടി കാൽവരി ക്രൂശിൽ മരിച്ചു. യേശുക്രിസ്തു ആരാണെന്ന് താൻ തന്നെ ലോകത്തോട് ഉറക്കെ പ്രഖ്യാപിച്ചു. താൻ മുഖാന്തിരമല്ലാതെ ആരും ദൈവത്തിന്റെ അടുക്കൽ എത്തുന്നില്ല എന്നും വ്യക്തമാക്കി.

അന്നത്തെ യഹൂദ ജനതക്ക് തങ്ങൾ കാത്തിരുന്ന മിശിഹ ഇപ്രകാരം താണ നിലയിൽ ബേത്‌ലഹേമിൽ ജനിക്കുമെന്ന് വിശ്വസിപ്പാൻ മനസുവന്നില്ല. യേശുക്രിസ്തു സാക്ഷാൽ മിശിഹാആണെന്നും ദൈവവുമാണെന്നുമുള്ള പ്രസ്ഥാവന അവർക്ക് ദൈവദൂഷണമായി തോന്നി അവർ അവനെ കാൽവരി ക്രൂശിൽ 2 കള്ളന്മാരുടെ മദ്ധ്യേ തൂക്കികൊന്നു.

അന്നുവരെ ലോകം ദർശിച്ചിട്ടില്ലാത്ത വിധത്തിൽ യേശുക്രിസ്തു മൂന്നാം നാൾ കല്ലറകളെ പൊട്ടിച്ച് ഉയിർത്തെഴുന്നേറ്റു. നാല്പതുനാൾ ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെട്ട് താൻജീവിച്ചിരിക്കുന്നു എന്ന് വെളിപ്പെടുത്തി ഒലിവ്മലയിൽ ശിഷ്യന്മാർ കാൺകെ അവൻ സ്വർഗ്ഗാരോഹണം ചെയ്തു തന്റെ കാലുകൾ മന്ദംമന്ദം ഭൂമിയിൽ നിന്നും ഉയരുന്നത് നിറകണ്ണുകളോടെ

അവർ നോക്കി '' ഞാൻ പോയതുപോലെ വീണ്ടും വരുമെന്ന ആശ്വാസവാക്കുകൾ അവരെ അറിയിക്കുകയും ചെയ്തു. ഈ സംഭവങ്ങൾക്ക് ദൃക്സാക്ഷികളായ പ്രിയ ശിഷ്യന്മാർക്ക് ഇത് മറച്ചുവയ്ക്കുവാൻ അസാദ്ധ്യമായിരുന്നു. അവർ ലോകമെമ്പാടും തങ്ങൾ കണ്ടതും കേട്ടതുമായ സന്ദേശം ഘോഷിച്ചു.



''ദാവീദിന്റെ സന്തതിയായി ജനിച്ച് മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റിരിക്കുന്ന യേശുക്രിസ് തുവിനെ ഓർത്തുകൊൾക അതാകുന്നു എന്റെ സുവിശേഷം'' എന്ന് പൗലോസ് ശ്ലീഹാ ലോകത്തോട് വിളിച്ചുപറഞ്ഞു. ഒന്നാം നൂറ്റാണ്ടിൽ ഈ സുവിശേഷം അറിയിച്ച ശിഷ്യന്മാരിൽ പലരും രക്തസാക്ഷികളായി ഇന്നും അപ്പോസ്തോലന്മാർ അറിയിച്ച സുവിശേഷം അതേപടി അറിയിച്ചവർ രക്തസാക്ഷികളായി തീരുമെന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ട് ഇന്നത്തെ വലിയ കൺവെൻഷനുകളിലും ക്രൂസേഡ്കളിലും ദൈവം നല്ലവൻ ദൈവം പാപികളെ സ്നേഹിക്കുന്നു. ദൈവം നിനക്ക് സൗഖ്യം നൽകുന്നു.

ദൈവം നിന്റെ കടഭാരം മാറ്റുന്നു എന്നെല്ലാം പറഞ്ഞ് ജനത്തെ പിടിച്ചു നിർത്തുന്നു. എന്നാൽ യേശുക്രിസ്തുവിൽ കൂടി മാത്രമേ സ്വർഗ്ഗത്തിൽ എത്താൻ മാർഗ്ഗമുള്ളു എന്നു പറഞ്ഞാൽ അവർ എറിവാൻ കല്ലെടുക്കും. പത്രോസും, യോഹന്നാനും ദൈവാലയ വാതുക്കൽ വച്ച് മുടന്തനെ സൗഖ്യമാക്കി അതിന്റെ പിന്നിൽ ശിഷ്യന്മാരെ ശക്തിപ്പെടുത്തിയ സുവിശേഷം ക്രൂശിക്കപ്പെട്ട ക്രിസ്തു മാത്രമാണ്.

അപ്പോസ്തോല പ്രവർത്തിയുടെ പുസ്തകം 2,3,4 അദ്ധ്യായങ്ങളിൽ പത്രോസിന്റെ പ്രസംഗം യഹൂദന്മാർ ശ്രദ്ധയോടെ കേട്ടു. "നമ്മുടെ പിതാവായ അബ്രാഹാമിന്റെ ദൈവം ശമുവേൽ പ്രവാചകൻ, ദാവീദ് രാജാവ് ആദിയായ പഴയ നിയമത്തിൽ അവർ അറിഞ്ഞിരിക്കുന്ന ദൈവത്തെ സേവിച്ചവരുടെ വേരുകൾ അവർക്ക് സന്തോഷമുളവാക്കി. എന്നാൽ പത്രോസ് സുവിശേഷം എന്നാണെന്ന് അസന്നിദ്ധമായി പ്രഖ്യാപിച്ചു. മറ്റൊരുത്തനിലും രക്ഷയില്ല. നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ യേശുക്രിസ്തുവിന്റെ നാമമല്ലാതെ മറ്റൊരു നാമവുമില്ല. ദൈവം യഹോവ എന്നൊക്കെ പണ്ട് ആരാധിച്ചവർക്ക് ചൂട് പിടിച്ച് അപ്പോസ്തോലന്മാരെ വരുത്തി യേശുവിന്റെ നാമത്തിൽ അശേഷം സംസാരിക്കുകയും അരുത് എന്ന് കൽപ്പിച്ചു. അവർ കൊടുത്ത മറുപടി ദൈവത്തേക്കാൾ അധികം മനുഷ്യരെ അനുസരിക്കുന്നത് ഉചിതമല്ല. ഇതല്ലാതെ മറ്റൊരു സുവിശേഷവുമില്ല. ഈ നിർമ്മല സുവിശേഷസത്യങ്ങൾ പഥ്യവചനം ഇന്നത്തെ നവീന പ്രസംഗകരുടെ നാവിൽ നിന്ന് പിശാച് എടുത്തുകളഞ്ഞു എന്ന ദുഃഖസത്യം നിലനിൽക്കുന്നു. പലരും ദൈവം വലിയവൻ കടഭാരം മാറ്റുന്നു, കുടുംബത്തിൽ ഐശ്വര്യം കൊടുക്കുന്നു. ബന്ധനങ്ങളെ അഴിക്കുന്നു. എന്നെല്ലാം പ്രസംഗിച്ചു ജനത്തെ ആകർഷിച്ചടുപ്പിക്കുന്നു. ദുഃഖകരമായ ഈ അവസ്ഥ മാറട്ടെ, ആദിമ നൂറ്റാണ്ടിലേക്ക് മടങ്ങിവരാം സ്വർഗ്ഗ കവാടം തുറക്കാൻ ഉള്ള ഏക വഴി യേശു ക്രിസ്തു മാത്രം എന്ന് എവിടെയും പറയാം. നമ്മുടെ ഹൃദയങ്ങളിൽ ഇത് നിറയട്ടെ ഭവനങ്ങളിലെ ചർച്ചാ വിഷയം ഇതാകട്ടെ അതിനായി പ്രാർത്ഥിക്കാം. പണ്ടത്തെപോലെയുള്ള ഒരു നല്ല കാലം മടക്കി ലഭിക്കാനായി നമുക്ക് കണ്ണുനീരോടെ പ്രാർത്ഥിക്കാം.

# നെഹെമ്യാവ്...... യെരുശലേമിൽ



ഡോ. കെ. മുരളീധർ M.D. MNAMS

നെഹമ്യാവിന്റെ കഥ വിശ്വാസികൾക്ക് എപ്പോഴും ഒരു പ്രചോദനമാണ്. ഒരിക്കൽ കൂടി നെഹമ്യാവിന്റെ കഥ നമുക്ക് ധ്യാനിക്കാം.

സുഖകരമായ ഒരു ജീവിതം ലഭിക്കുമ്പോൾ, ദൈവം തന്റെ കാരുണ്യത്താൽ അവർക്ക് നൽകിയ നല്ല ജീവിതത്തിന് ദിനംതോറും ദൈവത്തിന് നന്ദി പറയുവാൻ അവസരം ലഭിച്ചാൽ പല വിശ്വാസികളും സംതൃപ്തരാണ്. എന്നാൽ അവരിൽ ഭൂരിഭാഗവും ലോകത്തിൽ ദൈവം ആഗ്രഹിക്കുന്ന കാര്യപരിപാടിയെക്കുറിച്ച് യാതൊരു ആശങ്കയും ഇല്ലാത്തവരാണ്.

നെഹെമ്യാവ് ഒരു യഹൂദനായിരുന്നു. പ്രവാസകാലത്ത് ബാബിലോണിൽ ജനിച്ചവനാണ്. ഒരിക്കലും യെരുശലേമിൽ പോയിട്ടില്ല. ഒരു അന്യദേശത്ത് അടിമയായിരുന്നിട്ടും, അർത്ഥഹ്ശഷ്ടാവ് ചക്രവർത്തിയുടെ പാനപാത്രവാഹകനെന്ന നിലയിൽ ഒരു പ്രധാന ജോലിലഭിക്കാനുള്ള അവസരം അവന് ലഭിച്ചു, രാജാവിന്റെ എല്ലാ ആനുകൂല്യങ്ങളും അവനുണ്ടായിരുന്നു. കൊട്ടാരത്തിൽ രാജാവിന്റെ സാമീപ്യത്തിൽ ജീവിച്ചുകൊണ്ട് - ദൈവത്തോട് നന്ദിയുള്ളവനായിക്കൊണ്ടു തന്നെ - എത്ര ആഡംബരപൂർണ്ണമായ ജീവിതം തനിക്ക് നയിക്കാമായിരുന്നു. എന്നാൽ ആ ഉയർന്ന ജോലിയിൽ അവൻ സംതൃപ്തനായിരുന്നോ? ദൈവത്തിന്റെ ആവശ്യങ്ങളിൽ നിസ്സംഗത പുലർത്തിയിരുന്നോ? ഇല്ലേ, ഇല്ല!

ദൈവത്തിന് ആവശ്യങ്ങളോ? 'ദൈവത്തിന്റെ ആവശ്യങ്ങൾ' എന്താണെന്ന് നമുക്ക് എങ്ങനെ അറിയാം?

ബൈബിൾ ഉത്സാഹത്തോടെ പഠിക്കുന്നവരാണെങ്കിൽ, കർത്താവ് നമ്മെ പ്രാർത്ഥിക്കാൻ പഠിപ്പിച്ചതുപോലെ പ്രാർത്ഥിക്കുകയാണെങ്കിൽ, ഈ ലോകത്തിനായുള്ള ദൈവത്തിന്റെ പരിപാടി എന്താണെന്ന് നമുക്ക് അറിയാൻ കഴിയും. നമ്മുടെ പ്രാർത്ഥനകളിൽ ഭൂരിഭാഗവും നമ്മുടെ ആവശ്യങ്ങൾ ദൈവത്തെ അറിയിക്കുക എന്നതാണ്, കൂടാതെ കരുതലിനും സംരക്ഷണത്തിനുമായി നാം ദൈവത്തിന്റെ കൈകളിലേക്ക് നോക്കുന്നു. നെഹമ്യാവും പ്രാർത്ഥനാശീലനായ ഒരു മനുഷ്യനായിരുന്നു, എന്നാൽ നെഹമ്യാവ് പ്രാർത്ഥിക്കുമ്പോൾ, അവൻ ദൈവത്തിന്റെ കൈകളിലേക്കല്ല, തന്റെ മുഖത്തേക്കാണ് നോക്കിയത്!

2 ദിനവൃത്താന്തം 7:14-ൽ ദൈവം കൽപ്പിച്ചതുപോലെ, നാം ദൈവത്തിന്റെ മുഖം അന്വേഷിച്ച് പ്രാർത്ഥിക്കുകയാണെങ്കിൽ, ദൈവം നമ്മോട് എന്താണ് അറിയിക്കാൻ

ആഗ്രഹിക്കുന്നതെന്ന് നമുക്ക് കൂടുതൽ ഉറപ്പുണ്ടാകും. ഒരു വ്യക്തിയുടെ മുഖം നോക്കുമ്പോൾ അവന്റെ മാനസികാവസ്ഥ നമുക്ക് മനസ്സി ലാകുമെന്നത് പൊതുവായ അറിവാണ്. നാം പ്രാർത്ഥിക്കുമ്പോൾ ദൈവത്തിന്റെ മുഖം എങ്ങനെയായിരിക്കു മെന്നും അവിടുന്നു നമ്മെ എന്താണ് അറി യിക്കാൻ ശ്രമിക്കുന്നതെന്നും നാം എപ്പോ ഴെ ങ്കിലും ചിന്തിച്ചിട്ടുണ്ടോ?

70 വർഷത്തെ തടവിനുശേഷം തന്റെ ജനം (യഹൂദന്മാർ) യെരൂശലേമിലേക്ക് മടങ്ങണ മെന്നത് ദൈവത്തിന്റെ ഇഷ്ടമാണെന്ന് നെഹമ്യാവിന് അറിയാമായിരുന്നു. പേർഷ്യൻ രാജാവായ കോരെശിനെ ഉപയോഗിച്ച് ദൈവം യഹൂദന്മാർക്ക് യെരുശലേമിലേക്ക് മടങ്ങാനും നഗരം പുനരുജ്ജീവിപ്പിക്കാനും ദൈവാലയം പുനർനിർമ്മിക്കാനും അവരുടെ ആചാര ങ്ങൾക്കനുസൃതമായി മതപരമായ വ്യവസ്ഥ പുനരാരംഭിക്കാനും സ്വാതന്ത്ര്യം അനുവ ദിച്ചു. നിരവധി യഹൂദന്മാർ യെരുശലേമി ലേക്ക് മടങ്ങി, നെഹമ്യാവ് പോയില്ലെങ്കിലും, തന്റെ ആളുകൾ യെരുശലേമിലേക്ക് മടങ്ങിയതിനുശേഷം അവിടെ നടക്കുന്ന സംഭവങ്ങളെക്കുറിച്ച് അറിയുന്നതിൽ തന്റെ മനസ്സ് എപ്പോഴും വ്യാപൃതമാ യിരുന്നു. പലപ്പോഴും തന്റെ പ്രാർത്ഥന 'സ്വർഗ്ഗത്തിലെപ്പോലെ 'യെരുശലേമിലും' ആകേണമേ!' എന്നായിരുന്നിരിക്കണം.

നെഹമ്യാവിനെപ്പോലെ നാം പ്രാർത്ഥിക്കു മ്പോൾ, നമ്മുടെ ജീവിതത്തിലും, നമ്മുടെ വീട്ടിലും, നമ്മുടെ അയൽപക്കത്തും, നമ്മു ടെനഗരങ്ങളിലും, നമ്മുടെ രാജ്യത്തും ദൈവഹിതം നിറവേറണമെന്നുള്ള ഭാരം നമുക്കുണ്ടോ?

അപ്പോഴാണ് നെഹമ്യാവ് തന്റെ സഹോ ദരനായ ഹനാനിയിൽ നിന്ന് ഒരു റിപ്പോ ർട്ട് കേട്ടത്. ''എന്റെ സഹോദര ന്മാരിൽ ഒരുത്തനായ,ഹനാനിയും യെഹൂദയിൽ നിന്നു ചില പുരുഷന്മാരും വന്നു; ഞാൻ (നെഹമ്യാവ്) അവരോടു പ്രവാസത്തിൽ നിന്നു തെറ്റി ഒഴിഞ്ഞു പോയ യെഹൂദന്മാ രെക്കുറിച്ചും യെരൂശലേമിനെക്കുറിച്ചും ചോദിച്ചു. അതിനു അവർ എന്നോടു: പ്രവാസത്തിൽനിന്നു തെറ്റി ഒഴിഞ്ഞു പോയ ശേഷിപ്പു അവിടെ ആ സംസ്ഥാന ത്തു മഹാകഷ്ടത്തിലും അപമാനത്തിലും ഇരിക്കുന്നു; യെരൂശലേമിന്റെ മതിൽ ഇടി ഞ്ഞും അതിന്റെ വാതിലുകൾ തീവെച്ചും ചുട്ടും കിടക്കുന്നു എന്നു പറഞ്ഞു.'' (നെഹെമ്യാവ് 1: 2,3)

യെരൂശലേമിനെക്കുറിച്ചുള്ള ഈ ദുഖകര മായ വാർത്ത കേട്ടയുടനെ, നെഹമ്യാവ് വളരെയധികം അസ്വസ്ഥയും വേദനയും അനുഭവിച്ചു. അവൻ 4 മാസം കരഞ്ഞു വിലപിച്ചു, ദുഃഖത്തിൽ മുങ്ങിപ്പോയ താൻ സ്വർഗ്ഗത്തിലെ ദൈവത്തിന്റെ മുമ്പാകെ ഉപവസിച്ചു പ്രാർത്ഥിച്ചു. അഗാദമായ അവന്റെ ദുഃഖം ദൈവത്തിന്റെ മുഖം അന്വേഷിച്ചതിന്റെ ഫലമായിരിക്കാം. യെരു ശലേമിൽ നടക്കുന്ന സംഭവങ്ങളിലും അവി ടെയുള്ള ജൂതന്മാരുടെ പെരുമാറ്റത്തിലും അവിടെ തന്റെജനം നേരിടുന്ന ബുദ്ധിമു ട്ടുകളും അപമാനങ്ങളും കണ്ട് ദൈവവും ദുഃഖിതനാണെന്ന് അവൻ മനസ്സിലാക്കി യിരിക്കണം. നാം കർത്താവിന്റെ സന്നിധി യിൽ ആത്മാർത്ഥമായി പ്രാർത്ഥിക്കു കയും അവിടുത്തെ മുഖം അന്വേഷി ക്കുകയും ചെയ്താൽ, നമ്മുടെ മുഖത്തും ദൈവത്തിന്റെ തേജസ്സ് ആഗിരണം ചെയ്യാ നും പ്രതിഫലിപ്പിക്കാനും കഴിയുമെന്ന് ചിലർ പറയുന്നു, അത് ശരിയാണ്. അതു പോലെ, പ്രാർത്ഥനയിൽ നാം ആത്മാർ ത്ഥമായി കർത്താവിന്റെ മുഖം അന്വേഷി

ക്കുമ്പോൾ, നമുക്കും തന്റെ ചില ആശങ്ക കൾ ഉൾക്കൊള്ളാൻ കഴിയും. ദൈവ ത്തിന്റെ ഒരു വിശുദ്ധൻ പറഞ്ഞതു പോലെ, ദൈവത്തി ന്റെ ഹൃദയം തകർക്കു ന്നത് നമ്മുടെ ഹൃദയത്തെയും തകർ ക്കണം. യെശയ്യാവിനെപ്പോലെ, സ്വർഗ്ഗീയ സിംഹാസനത്തിൽ ഉന്നതനായി ഇരി ക്കുന്ന കർത്താവിനെ കണ്ടപ്പോൾ, ദൈവത്തിന്റെ ഉത്കണ്ഠ തനിക്ക് മനസ്സ ിലായി. തന്റെ ജനത്തിന് തന്റെ സന്ദേശം എത്തിക്കാൻ ഒരു വിശുദ്ധ മനുഷ്യനെ ദൈവം അന്വേഷിക്കുകയായിരുന്നു. ഉടൻ തന്നെ യെശയ്യാവ് ശുദ്ധനാകാൻ ആഗ്ര ഹിച്ചു,ദൈവത്തിന്റെ സാന്നിധ്യത്തിൽ നിന്നുള്ള വിശുദ്ധ തീയാൽ ശുദ്ധീകരി ക്കപ്പെട്ട പ്പോൾ, അവൻ ദൈവത്തിന്റെ നിയോഗം ഏറ്റെടുക്കാൻ തയ്യാറായി, 'ഇതാ ഞാൻ, എന്നെ അയക്കേണമേ!'.

യെരുശലേമിന്റെ മതിലുകൾ തകർന്നു വീഴുന്നുവെന്നും അവിടെ സഹോദരന്മാർ അനുഭവിക്കുന്ന അപമാനത്തെക്കുറി ച്ചുള്ള ദുഃഖകരമായ വാർത്തയുമായി തന്റെ സഹോദരൻ ഹനാനിയുടെ വരവ് നെഹമ്യാവെ ഉണർത്തി. യെരുശലേമി ലേക്കു ചെന്ന് യെരുശലേമിന്റെ മതിലു കൾ പുനർനിർമിക്കാൻ തീരുമാനിച്ചു കൊണ്ട് നെഹമ്യാവ് ഏറ്റെടുത്ത മഹത്താ യദൗത്യത്തിന്റെ തുടക്കമായിരുന്നു അത്. യെരുശലേമിന്റെ മതിലുകൾ പുനർനിർമി ക്കുന്നതിനും ദൈവത്തിന്റെ ആലയ ത്തിന്റെ മഹത്വം വീണ്ടെടുക്കുന്നതിനുള്ള പ്രക്രിയ ആരംഭിക്കുന്നതിനുമുള്ള മഹ ത്തായ ദൗത്യത്തിനായി സ്വയം തയ്യാറാ ക്കാൻ ദൈവം തന്റെജീവിതത്തെ വിളിക്കു ന്നുവെന്ന് അവൻ മനസ്സിലാക്കി. യെശയ്യാ വിനെപ്പോലെ, 'കർത്താവേ, ഇതാ ഞാൻ, എന്നെ അയക്കേണമേ' എന്ന് അവൻ തന്നെത്തന്നെ സമർപ്പിക്കു കയായിരുന്നു.

നമ്മുടെ രാജ്യത്തെ ഇന്നത്തെ അവസ്ഥ യെക്കുറിച്ച് നമുക്ക് ഒരു മിനിറ്റ് ചിന്തിക്കാം. ക്രിസ്ത്യാനിയായി ജീവിക്കാൻ അപകട ത്തെ നേരിടുന്ന ലോകത്തിലെ 200- ലധികം രാജ്യങ്ങളിൽ ഇന്ത്യ ഇപ്പോൾ 11-ാം സ്ഥാനത്താണ്. നമ്മുടെ പാസ്റ്റർമാരെയും സുവിശേഷകരെയും ദിനംപ്രതി കഠിന മായി പീഡിപ്പിക്കുകയും ജയിലുകളിൽ അടയ്ക്കുകയും ചെയ്യുന്നു എന്ന വാർത്ത കൾ നിത്യവും നാം കേൾക്കുന്നു. എന്നാൽ നമ്മുടെ പ്രതികരണം എന്താണ്? നമ്മുടെ ചുറ്റുമുള്ള നിരവധി സഹവിശ്വാസികളും ദൈവദാസന്മാരും പീഡിപ്പിക്കപ്പെടുകയും ജയിലുകളിൽ സമയം ചെലവഴിക്കുകയും ചെയ്യുന്നതിനാൽ നമ്മുടെ ഹൃദയങ്ങൾ ശരിക്കും അസ്വസ്ഥമാകുന്നുണ്ടോ? ദുഃഖ ത്താലും ഉപവാസത്താലും പ്രാർത്ഥന യാലും ദൈവമുഖം നാം തേടുന്നുവോ? ഈ ഘട്ടത്തിൽ ദൈവം നമ്മിൽ നിന്ന് എന്താണ് പ്രതീക്ഷിക്കുന്നതെന്ന് നമുക്ക് മനസ്സിലാകുന്നുണ്ടോ? അതോ ദൈവം നമുക്ക് നൽകിയ എല്ലാസമാധാനത്തിനും സമൃദ്ധിക്കും വേണ്ടി ദൈവത്തെ സ്തുതി ച്ചുകൊണ്ട് നമ്മുടെ സ്വന്തം സുഖസൗകര്യ മേഖലയിൽ തുടരുകയാണോ?

യെരുശലേമിൽ സംഭവിക്കുന്ന കാര്യങ്ങ ളിൽ നെഹമ്യാവ് ഇത്രയധികം അസ്വസ്ഥ നാകുന്നത് എന്തുകൊണ്ടാണെന്ന് നിങ്ങ ൾ എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ? യെരുശലേം അവന്റെ ജന്മനാടായിരു ന്നില്ല; അവൻ അവിടെ ജനിച്ചിട്ടില്ല; അവൻ ഒരിക്കലും അവിടെ ഉണ്ടായിരുന്നില്ല. ദൈവംതന്റെ ജനത്തെ അവർ ചെയ്ത പാപത്തിന് ശിക്ഷിക്കുകയും ബാബിലോ ണിയരുടെ അടിമകളാകാൻ അവരെ ഉപേക്ഷിക്കുകയും ചെയ്തുവെന്ന് അവൻ

കേട്ടിരുന്നു. അന്യനാടെങ്കിലും തന്റെ നല്ല ജീവിതവും സ്ഥാനവും എന്തിന് അവർക്കുവേണ്ടി താൻ പണയപ്പെടുത്തണം? എല്ലാ അനുഗ്രഹങ്ങളും ഉള്ള ഈ കൊട്ടാരത്തിൽ തനിക്കുള്ള നല്ല ജോലി ആസ്വദിച്ചു ജീവിച്ചാൽ പോരേ? ഇല്ല, നമ്മളിൽ പലരും ചിന്തിക്കുന്നതുപോലെ നെഹമ്യാവ് അങ്ങനെ ചിന്തിച്ചില്ല. കാരണം, അവൻ ദൈവത്തിന്റെ മുഖം അന്വേഷിച്ചു, യെരുശലേമിലെ സംഭവങ്ങളിൽ ദൈവം ദുഃഖിതനാണെന്നും ഭൂമിയിൽ അവിടുത്തെ ഇഷ്ടം നടപ്പിലാക്കാൻ ഒരു മനുഷ്യനെ അന്വേഷിക്കുകയാണെന്നും താൻ മനസ്സിലാക്കി.

അതുകൊണ്ട് ഇന്ന് നാം അനുഭവിക്കുന്ന എല്ലാ സുഖസൗകര്യങ്ങളും, സഹവിശ്വാസികളുടെ കഷ്ടപ്പാടുകളിൽ നിസ്സംഗത പുലർത്തുന്നതിൽ നിന്ന് നമ്മെ തടയുന്നുണ്ടെങ്കിൽ, നാം ദൈവത്തിന്റെ മുഖമല്ല, കരങ്ങൾ തേടുന്നവരാണ് എന്ന് മനസ്സിലാക്കാം. ശത്രു ശക്തനായിരിക്കുമ്പോഴും ക്രൈസ്തവലോകത്തിനു നേരെയുള്ള ഭീകരമായ ആക്രമണത്തിന് പിന്നിലെ എല്ലാ ശക്തികൾക്കും ശക്തമായ ഒരു സർക്കാരിന്റെ പിന്തുണയുണ്ടാകുമ്പോഴും നമുക്ക് ഒന്നും ചെയ്യാൻ കഴിയില്ലെന്നും ഈ ആത്മീയ യുദ്ധത്തിൽ ഏർപ്പെടാനും ഭരണാധികാരികളുടെ കുറ്റാരോപണത്തിൽ അകപ്പെടാനും തീരുമാനിച്ചാൽ നമ്മുടെ ജോലിക്കും കുടുംബത്തിനും നമ്മുടെ ജീവിതത്തിനും നഷ്ടമുണ്ടാകാമെന്നും നമ്മിൽ ചിലർ ചിന്തിച്ചേക്കാം.

എന്നാൽ ദൈവത്തിന്റെ പദ്ധതിയുമായി പൊരുത്തപ്പെടാൻ തീരുമാനിച്ചപ്പോൾ നെഹമ്യാവിന് ഈ പ്രശ്നങ്ങളൊന്നും ഉണ്ടായിരുന്നില്ല എന്ന് നിങ്ങൾ കരുതുന്നുണ്ടോ? പലപ്പോഴും രാജാവിന്റെ സാന്നിധ്യത്തിൽ ആയിരിക്കേണ്ട അവൻ മ്ലാനമായ ഒരു മുഖം ധരിച്ചാൽ രാജാവിൽ നിന്ന് ഏതെങ്കിലും തരത്തിലുള്ള പ്രതികരണത്തിന് കാരണമായേക്കാം. എല്ലാത്തിനുമുപരി, അവൻ ബാബിലോണിൽ കീഴടക്കപ്പെട്ട ഒരു അടിമ മാത്രമാണ്, അവന്റെ മുഖഭാവംമൂലം രാജാവ് അവനെ കൊട്ടാരത്തിൽ നിന്ന് പുറത്താക്കിയാൽ അവനെ പിന്തുണയ്ക്കാൻ ആരും ഉണ്ടാകില്ല.

ഏതാനും വർഷങ്ങൾക്ക് മുമ്പ് യെരുശലേമിൽ ജൂതന്മാർക്കായി ഒരു പുതിയ മന്ദിരം പണിയാൻ ഇനി ഒരു ശ്രമവും ഉണ്ടാകരുതെന്ന് ഉത്തരവിട്ടത് അതേ രാജാവാണെന്ന് നെഹമ്യാവിന് അറിയാമായിരുന്നു. അപ്പോൾ യെരുശലേമിന്റെ മതിലുകൾ പണിയാൻ പോകാൻ എങ്ങനെ രാജാവിനോട് അനുവാദം ചോദിക്കാൻ കഴിയും, അതായത്, സ്വന്തം കൽപ്പനകൾ റദ്ദാക്കാൻ അയാൾ രാജാവിനോട് ആവശ്യപ്പെടുകയാണെന്നാണ് അർത്ഥമാക്കുന്നത്. രാജാവ്, ഒരു പക്ഷെ, പോകാൻ തന്നെ അനുവദിച്ചാൽ പോലും, യഹൂദന്മാരെ പൂർണ്ണമായും എതിർക്കുന്ന- യെരുശലേമിന്റെ മതിലുകൾ പുനർനിർമ്മിക്കാനുള്ള തന്റെ ശ്രമത്തിന് എല്ലാ തടസ്സങ്ങളും സൃഷ്ടിക്കുന്ന - അവിടത്തെ ജനക്കൂട്ടത്തെ അയാൾ എങ്ങനെ നേരിടും? ഈ മഹത്തായ ദൗത്യം നിറവേറ്റുന്നതിനുള്ള എല്ലാ സൗകര്യങ്ങളും തനിക്ക് എങ്ങനെ ലഭിക്കും? എല്ലാറ്റിനുമുപരി, രാജാവിനോട് ഈ വാർത്ത എങ്ങനെ താൻ അറിയിക്കും? ഒരുപക്ഷേ, നെഹമ്യാവ് തന്റെജനത്തോടും ദൈവത്തിന്റെ നഗരത്തോടും സഹതാപം പ്രകടിപ്പിച്ചുകൊണ്ട് വിഷണ്ണനും ദുഃഖിതനുമായിരിക്കാമെങ്കിലും, അദ്ദേഹം ജീവിച്ചിരുന്ന സാഹചര്യങ്ങളിൽ തന്റെ ദൗത്യം തുടരാൻ അദ്ദേഹം പൂർണ്ണമായും

നിസ്സഹായനാണെന്ന് നമുക്കു മനസ്സിലാക്കാം.

എന്നാൽ നെഹമ്യാവ് നാല് നീണ്ട മാസങ്ങൾ പ്രാർത്ഥിച്ചു... പ്രാർത്ഥിച്ചു... വീണ്ടും പ്രാർത്ഥിച്ചു! രാജാവിനോട് ഞാൻ പറയണോ....... വേണ്ടയോ? പറയണോ വേണ്ടയോ? നാല് മാസങ്ങൾ! പക്ഷേ ദൈവം അവന്റെ രക്ഷയ്ക്കായി വന്നു. ഒരു ദിവസം രാജാവ് തന്നെ നെഹമ്യാവിനോട് ചോദിച്ചു, 'എന്തിനാണ് നീ ദുഃഖിക്കുന്നത്, എന്താണ് നിനക്ക് അസുഖം?



' ഈ ദയാപൂർവ്വമായ അന്വേഷണം നെഹമ്യാവിന് വലിയ ആശ്വാസം നൽകി. ഒരു ചെറിയ പ്രാർത്ഥനക്കു ശേഷം, താൻ ഇത്ര ദുഃഖിതനായതിന്റെ കാരണം രാജാവിനോട് പറഞ്ഞു. നെഹമ്യാവ് രാജാവിനോട് ചോദിച്ചു, 'എന്റെ പിതാവിന്റെ ശവകുടീരങ്ങൾ സ്ഥിതി ചെയ്യുന്ന നഗരം ശൂന്യമായി കിടക്കുകയും അതിന്റെ വാതിലുകൾ തീകൊണ്ട് വെന്തുപോകുകയും ചെയ്യുമ്പോൾ എന്റെമുഖം ദുഃഖിക്കരുതോ?' (നെഹമ്യാവ് 2:3). രാജാവ് അവനെ ആശ്വസിപ്പിക്കാൻ തുടങ്ങി, പോകാൻ അനുമതി നൽകി, ഒരു രാജകീയ സൈന്യം തന്നോടൊപ്പം പോകണമെന്നും മതിലുകൾ നന്നാക്കാൻ ആവശ്യമായ എല്ലാ സാധനങ്ങളും തനിക്ക് നൽകി. പ്രാദേശിക ഗവർണറോട് എല്ലാ സഹായവും നൽകണമെന്നും ഉത്തരവിട്ടു. എല്ലാം ഒറ്റഅടിയിൽ.. ഒരു സ്വർഗ്ഗീയ തലോടൽ

അതാണ് നമ്മുടെ ദൈവം. നമ്മൾ ചെയ്യേണ്ടത് നമ്മൾ ചെയ്താൽ, നമുക്ക് വേണ്ടി ആർക്കും ചെയ്യാൻ കഴിയാത്തത് ദൈവം ചെയ്യും. ഒരു അന്യജാതിക്കാരന്റെ അഭ്യർത്ഥന ശ്രദ്ധിക്കാൻ ഒരു ചക്രവർത്തിയുടെ ഹൃദയത്തെ ആർക്കാണ് മാറ്റാൻ കഴിയുക? അതും തന്റെ സ്വന്തം കൽപ്പന ലംഘിക്കുമ്പോൾ?

തിരുവെഴുത്തുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന ഈ സംഭവം നമ്മുടെ കാലത്തേക്കുള്ളതാണ്. സുവിശേഷം പ്രസംഗിക്കാനുള്ള സ്വാതന്ത്ര്യം നമുക്ക് ആവശ്യമാണ്. സുവിശേഷം കേൾക്കേണ്ടവർ ഇനിയും ധാരാളം പേരുണ്ട്. അത് ദൈവത്തിന്റെ ഭാരമാണ്, അതു നമ്മുടെയും ഭാരമായിരിക്കണം. സഭയെ പീഡിപ്പിക്കുന്ന ഒരു സംഘടിത സൈന്യത്തിന് മുന്നിൽ നമുക്ക് നിസ്സഹായത തോന്നിയേക്കാം. എന്നാൽ നാം പ്രാർത്ഥിക്കുമ്പോൾ അവിടുത്തെ മുഖം അന്വേഷിക്കുകയും നമ്മുടെ ഹൃദയങ്ങളിൽ ഭാരം വഹിക്കുകയും നമ്മുടെ സുഖസൗകര്യ മേഖലയിൽ നിന്ന് പുറത്തുകടക്കാൻ തയ്യാറാകുകയും ചെയ്താൽ, നമ്മുടെ നാട്ടിലെ ക്രിസ്ത്യാനികൾക്കെതിരായ മനുഷ്യത്വരഹിതവും ഭരണഘടനാ വിരുദ്ധവുമായ നിയമങ്ങൾ നീക്കം ചെയ്യണമെന്ന് നമ്മുടെ ഭരണാധികാരികളുടെയും ന്യായാധിപന്മാരുടെയും ഹൃദയങ്ങളോട് നമ്മുടെ ദൈവത്തിന് സംസാരിക്കാൻ കഴിയും.

രാജാവ് സമ്മതിച്ചപ്പോൾ, സമയം പാഴാക്കാതെ, നെഹമ്യാവ് യെരൂശലേമിലേക്ക് വന്നു.

അങ്ങനെ ഒരു മാറ്റത്തിന് നിങ്ങൾ തയ്യാറാണോ?

# ...... ബഥനി അട്ടപ്പാടിയിൽ നിന്നും സ്നേഹപൂർവ്വം ......

കർത്താവിൽ പ്രിയരെ,
അട്ടപ്പാടി ബഥനിയിൽ നിന്നും സ്നേഹവന്ദനം ദൈവവേലയെ സ്നേഹിക്കുന്ന ദൈവമക്കൾ അവരുടെ ചുരുങ്ങിയ അവധിക്കാലത്തിൽ 3-4 ദിവസം മാറ്റിവെച്ച് കഷ്ട്ടപ്പെട്ട് പണം ചിലവാക്കി മിഷൻഫീൽഡ് സന്ദർശനം നടത്താറുണ്ട്. വർഷങ്ങളായി ഈ വേലയെ ഓർത്തു പ്രാർത്ഥിക്കുകയും സഹായിക്കുകയും ചെയ്യുന്നവർ തങ്ങളുടെ പ്രാർത്ഥനയും സഹായവും എത്രമാത്രം ഫലപ്രദമായി എന്ന് കണ്ടു അറിയണം. തിരികെ പോകുന്നതിനു മുമ്പ് മിക്കവരും ചോദിക്കുന്ന ഒരു ചോദ്യം ഉണ്ട്. " ഇനി എന്താണ് നിങ്ങൾക്ക് ആവശ്യം" പലപ്പോഴും കൃത്യമായി മറുപടി പറയാറില്ല. എവിടെ തിരിഞ്ഞാലും ആവശ്യങ്ങൾ മാത്രം. "ദൈവം നിങ്ങളോടു എന്തെങ്കിലും പറഞ്ഞാൽ അത് മതി. അപ്പോൾ മതി"
ആവശ്യങ്ങളെ ചോദിച്ചു അറിഞ്ഞു സഹായിക്കുന്ന ചുരുക്കം ചിലർ ഉണ്ട്. തങ്ങളുടെ അദ്ധ്വാനഫലം കൃത്യമായി ദൈവരാജ്യകെട്ടുപണിക്കായി എത്തേണ്ട സമയത്തു എത്തിച്ചിരിക്കെണം എന്ന് അവർക്കു നിർബന്ധം ഉണ്ട്.

അങ്ങനെയുള്ള ഒരു കുടുംബത്തെ നിങ്ങൾക്ക് പരിചയപെടുത്തട്ടെ. പൗലോസ് അപ്പോസ്തലൻ ചില പ്രത്യേക വ്യക്തികളെ എടുത്തു പറഞ്ഞു ക്രിസ്തുവിനോടുള്ള സ്നേഹത്തെ പ്രതി അവർ ചെയ്തുകൊണ്ടിരിക്കുന്ന സൽ പ്രവർത്തികളെ നമുക്ക് പരിചയപ്പെടുത്തുന്നുണ്ടല്ലോ നിങ്ങൾക്ക് അത് മാതൃക ആയിരിക്കട്ടെ എന്ന് താൻ സൂചിപ്പിക്കുന്നു.

ചെറിയ പ്രായം മുതൽ മിഷനറിവേല - ക്രിസ്തുവിന്റെ രാജ്യം - എന്നിങ്ങനെ നിത്യതയെക്കുറിച്ചുള്ള ദൈവീക പദ്ധതിയാണ് ശ്രേഷ്ഠവും ആവശ്യവും എന്ന് മാതാപിതാക്കൾ പഠിപ്പിച്ചത്, മറക്കാത്ത, ഈ തലമുറയിൽപ്പെട്ടവരാണ് സംഗീത-ഷാജു ദമ്പതികൾ. അവർ മക്കളായ നാഥനെയും ജോഷുവയെയും കൂട്ടി സംഗീതയുടെ പിതാവ് ശ്രീ സാംസൺ , മാതാവ് സിസ്റ്റർ സോജി എന്നിവരോടൊപ്പം ജൂലൈ 29 നു കാലത്തു 11.00 മണിയോടെ ബഥനിയിൽ വന്നു. ക്ഷീണം ഒന്നും വക വെക്കാതെ ഉടൻ തന്നെ ബഥനി ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ സന്ദർശിച്ചു. സഹോദരി സോജി ഒരു റിട്ടയേർഡ് അദ്ധ്യാപിക ആയിരുന്നതിനാൽ കുട്ടികളെ കണ്ടപ്പോൾ വലിയ ആവേശമായിരുന്നു. ഓരോ ക്ലാസുകളിലും കയറി കുട്ടികളുമായി ആശയവിനിമയം നടത്തി. കമ്പ്യൂട്ടർ ടീച്ചർ ആവശ്യപ്പെട്ടിരുന്ന പുതിയ ലാപ്ടോപ്പുകളും കമ്പ്യൂട്ടറുകളും ഈ കുടുംബം നമുക്ക് വാങ്ങാൻ സഹായിച്ചു. ടീച്ചർ ആ ശ കുടുംബത്തോട് പ്രത്യേകം നന്ദി അറിയിച്ചു. EXCISE മിനിസ്റ്റർ-നു കോട്ടത്തറയിൽ സ്വീകരണം നല്കുന്നതിലേക്കു സ്കൂൾ ബാൻഡിനെ വിളിച്ചിരുന്നത് കൊണ്ട് അവരുടെ പ്രാക്ടീസ് തത്സമയം നടക്കുന്നുണ്ടായിരുന്നു. ''അട്ടപ്പാടിയിലും സ്കൂൾ ബാൻഡ് ഉണ്ടോ?" എന്ന് കൗതുകത്തോടെ നമ്മുടെ കുട്ടികളുടെ പ്രകടനം സന്ദർശകർ കണ്ടു.

ജൂൺ മാസത്തിൽ 10 ബെഞ്ച് ഡെസ്ക് സെറ്റുകൾ ഈ പ്രിയ കുടുംബം ആവശ്യം ചോദിച്ചറിഞ്ഞു വാങ്ങാൻ സഹായിച്ചിരുന്നു. എക്സാം നടത്താൻ ഹാളിൽ അവ ക്രമീകരിച്ചിരിക്കുന്നത് അവർക്കു സ്കൂൾ കറസ്പോണ്ടന്റ് Mrs ഗ്രേസ് കോശി വിശദീകരിച്ചു കൊടുത്തു. തങ്ങൾ നൽകിയത് എല്ലാം വേണ്ട വിധത്തിൽ പ്രയോജനപ്പെടുന്നു എന്ന് അവർ നേരിട്ട് കണ്ടു ദൈവത്തിനു മഹത്വം നൽകി.

ചില സന്ദർഭങ്ങളിൽ Sr സംഗീത മെസ്സേജ് അയക്കും. ''ഇപ്പോൾ ഏതെങ്കിലും ആവശ്യം ഉണ്ടോ''. ഒരുതവണ അവരുടെ

സഹോദരിമാരുടെ കൂട്ടായ്മ മിഷനറിമാരുടെ പെൺകുട്ടികളുടെ വിവാഹങ്ങൾക്ക് സഹായം ചെയ്യണം എന്ന് തീരുമാനിച്ചു. അത് അറിയിച്ചതനുസരിച്ചു ട്രൈബൽ മിഷനിലെ 4 മിഷനറി കുടുംബങ്ങൾക്ക് അവർ വലിയ ആശ്വാസമായി. തക്കസമയത്തു ദൈവം പ്രിയപെട്ടവരിൽ കൂടി അവരുടെ പ്രാർത്ഥനക്കു മറുപടി നൽകി.

ഉച്ചകഴിഞ്ഞു വെച്ചുപതി മിഷൻസെന്റർ സന്ദർശിച്ചു . പാസ്റ്റർ മാണി കുരിയാക്കോസ്, പാസ്റ്റർ പളനിസാമി എന്നിവർ മറ്റു വിശ്വാസികളോടൊപ്പം ഉച്ചയ്ക്ക് ഭക്ഷണം കൂടി കഴിക്കാതെ കാത്തിരുന്നിരുന്നു. പരിചയപ്പെടുത്തൽ, പാട്ടു, സാക്ഷ്യം, പ്രാർത്ഥന എല്ലാം കഴിഞ്ഞപ്പോൾ സമയം വൈകി. കൊണ്ടുപോയിരുന്ന സ്നാക്കുകൾ പങ്കുവെച്ചു പിരിഞ്ഞു.

വഴിയിൽ കാറ്റാടികളുടെ (വിൻഡ് ജനറേറ്റർ) കീഴിൽ ചായ കുടിച്ച് തിരികെ എത്തി. വൈകിട്ട് 6 മണിക്ക് ബാലഭവനിലെ സന്ധ്യാപ്രാർത്ഥനയിൽ പങ്കെടുത്തു. നാഥനും ജോഷുവയും തങ്ങളുടെ കഴിവുകൾ പ്രകടിപ്പിച്ചു. കുട്ടികൾ പാട്ടുകൾ പാടി. സഹോദരി സോജി കുട്ടികൾക്കായി ഒരു നല്ല പ്രബോധനം നൽകി. സാംസൺ സാർ പ്രാർത്ഥിച്ചു യോഗം അവസാനിപ്പിച്ചു. 8 മണിക്ക് പ്രിയ കുടുംബത്തിന്റെ വകയായി ഒരുക്കിയ സ്നേഹവിരുന്നിൽ എല്ലാവരും സന്തോഷത്തോടെ പങ്കെടുത്തു.

രാത്രി ബഥനി ഗസ്റ്റ്ക്വാർട്ടേഴ്സിൽ വിശ്രമിച്ചു. വെളുപ്പിന് സ്തോത്രത്തോടും പ്രാർത്ഥനയോടും തിരികെ യാത്ര പുറപ്പെട്ടു.

സമയക്കുറവോ പ്രായമോ ഹെൽത്ത് പ്രോബ്ലെംസ് ഒന്നും തന്നെ അവർ കണക്കാക്കാതെ കടന്നുവന്നു ഈ പ്രവർത്തനത്തെ പ്രോത്സാഹിപ്പിച്ച പ്രിയ കുടുംബത്തോടുള്ള നന്ദിയും സ്നേഹവും അറിയിച്ചു കൊള്ളുന്നു. ദൈവം ധാരാളമായി അവരെ അനുഗ്രഹിക്കട്ടെ.

“നിങ്ങൾ പിന്നെയും ................. (ദൈവ വേലക്കായി) വേണ്ടി വിചാരിപ്പാൻ തുടങ്ങിയതിനാൽ ഞാൻ കർത്താവിൽ വളരെ സന്തോഷിച്ചു; മുമ്പെ തന്നേ നിങ്ങൾക്കു വിചാരമുണ്ടായിരുന്നു. എങ്കിലും അവസരം കിട്ടിയില്ല.” (PHIL. 4:10)

എത്രയോ പേർ ദൂരെ നിന്നും അടുത്ത് വന്നും സഹായിച്ചിട്ടാണ് ഈ സൽപ്രവർത്തികൾ നടക്കുന്നത്. അവരെ ഓർത്തു ദൈവത്തെ സ്തുതിക്കുന്നു.

പ്രിയ സഹോദരങ്ങളെ നിങ്ങൾക്ക് അവസരം കിട്ടിയില്ല എന്ന് പറയരുതേ........

അവസരം ഇപ്പോഴും ഉണ്ട്.......

ദൈവത്തിനു സകല മഹത്വവും അർപ്പിച്ചു കൊണ്ട്

പ്രാർത്ഥനയോടെ
ക്രിസ്തുവിൽ
കെ . കെ . കോശി

(ഫോട്ടോസ് 19-ാം പേജിൽ)

## പ്രാർത്ഥനാ വിഷയങ്ങൾ അറിയിക്കുക

കർത്താവിൽ പ്രിയരെ, യേശുക്രിസ്തുവിന്റെ അനുഗ്രഹിത നാമത്തിൽ ഞങ്ങളുടെ സ്നേഹവന്ദനം

1. എല്ലാ ചൊവ്വാഴ്ചയും പെരുമ്പാവൂരിൽ ട്രൈബൽ മിഷൻ ലോക്കൽ കമ്മിറ്റിയംഗങ്ങളും , സ്റ്റാഫും രാവിലെ 10 മണിക്ക് പ്രാർത്ഥനക്കായി കൂടിവരുന്നു.
2. എല്ലാ മാസവും വിവിധ ജില്ലകളിൽ പ്രവർത്തിക്കുന്ന മിഷണറിമാർ അതാതു ജില്ലകളിൽ പ്രാർത്ഥനയ്ക്കായി ഒരുമിച്ചുകൂടുന്നു. കൂടാതെ മുഴരാത്രി പ്രാർത്ഥനകൾ, ഉപവാസ പ്രാർത്ഥകൾ എന്നിവ നടത്തപ്പെടുന്നു.

താങ്കൾക്കായി പ്രാർത്ഥിക്കുന്നതിന് ഞങ്ങൾ ഒരുക്കമാണ്. താങ്കളുടെ പ്രാർത്ഥന വിഷയങ്ങൾ ദയവായി ഞങ്ങളെ അറിയിക്കുക

ജയദാസ് കളരിയ്ക്കൽ
ട്രൈബൽ മിഷൻ
ഇരിങ്ങൾ പി. ഒ. പെരുമ്പാവൂർ 683548
ഫോൺ : 9747442935



മനുഷ്യന്റെ പാതയിൽ നിലനിൽക്കാൻ നിങ്ങളുടെ ചിന്തകളെ ദൈവനടത്തിപ്പിന് സമർപ്പിക്കുക

# പൊതു ആരാധനയും മെഡിക്കൽ ക്യാമ്പും – വയനാട്



**കെ പൗലോസ്** M.A.
ഫൈനാൻസ് സെക്രട്ടറി

കേരളത്തിലെ ഏറ്റവും പിന്നാക്കാവസ്ഥയിലും വിവിധ ഗോത്രങ്ങളിലായി വളരെ അധികം ആദിവാസികൾ തിങ്ങി പ്പാർക്കുന്നതുമായ ഒരു ജില്ലയാണ് വയനാട്. ഒരു മിഷനറി കുടുംബത്തെ ചേഗാഡി എന്ന സ്ഥലത്ത് രണ്ടു മുറി വാടക കെട്ടിടത്തിൽ താമസിപ്പിച്ചുകൊണ്ട് ട്രൈബൽ മിഷൻ വേല ആരംഭിച്ചു. അനേക വർഷങ്ങൾ മിഷനറിമാരുടെ ത്യാഗോ ജ്ജ്വലമായ സേവനത്തിന്റെ ഫലമായി ഇന്ന് തിരിഞ്ഞു നോക്കുമ്പോൾ ദൈവത്തിന്റെ അത്ഭുത പ്രവർത്തി കൾക്കായി സ്തോത്രം ചെയ്യുന്നു. അപ്പോസ്തലനായ വിശുദ്ധ പൗലോസിന്റെ പ്രസംഗം കേട്ടു രക്ഷയിലേക്ക് കട ന്നുവന്ന ഫിലിപ്പിയൻ സഭയിലെ വിശ്വാസിസഹോദരി ലുധി യയെപ്പോലെ കൊട്ടിയൂർ ഗ്രാമത്തിൽ നിന്നും കടന്നുവന്ന കുറുമാട്ടി അമ്മയാണ് ഇവിടത്തെ ആദ്യഫലം. പിന്നീട് അനേകം ഗോത്രവിഭാഗങ്ങളിലായി വളരെയധികം സഭകൾ ഉടലെടുക്കുവാൻ വലിയവനായ ദൈവം കൃപചെയ്തു. ഇന്ന് വിവിധ ഗോത്രങ്ങളിലായി 25ൽ അധികം സഭകൾ ദൈവം നമുക്ക് നൽകി അനുഗ്രഹിച്ചു. പുതിയ വേലസ്ഥ ലങ്ങൾ കണ്ടെത്തുവാൻ ദൈവം കൃപ ചെയ്തുകൊ ണ്ടിരിക്കുന്നു. ഡി - അഡിക്ഷൻ ക്യാമ്പുകൾ മുഖാന്തിര മായി പുതിയ ആത്മാക്കൾ ദൈവസഭയോടു ചേർന്നു കൊണ്ടിരിക്കുന്നു.

ആവശ്യത്തിലിരിക്കുന്ന ഈ ജനസമൂഹത്തെ ശുശ്രൂഷിക്കു വാൻ വളരെ സമർപ്പണമുള്ളവരും അമേരിക്കയിൽ സ്ഥിരം താമസിക്കുന്നവരുമായ 42 പേർ അടങ്ങുന്ന ഒരു മലയാളി മെഡിക്കൽ ടീം ഡോ. കെ മുരളീധരന്റെ നേതൃത്വത്തിൽ കടന്നുവന്നു. ഒരാഴ്ചക്കാലം വയനാട്ടിൽ താമസിച്ചു ആദി വാസികളുടെ മദ്ധ്യത്തിൽ വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി പാസ്റ്റർ ജോയ് മുളക്കൽ , ഡോ. കെ മുര ളീധർ എന്നിവരുടെ നേതൃത്വത്തിൽ വിവിധ ആദിവാസി ഗ്രാമ ങ്ങളിൽ മെഡിക്കൽ ക്യാമ്പുകളും പ്രാർത്ഥനായോഗങ്ങളും ക്രമീകരിക്കപ്പെട്ടു. 18 വിദഗ്ധ ഡോക്ടർമാർ അടങ്ങുന്ന ടീം ഗ്രൂപ്പുകളായി തിരിഞ്ഞ് പുൽപ്പള്ളി ,മക്കിമല, തോൽ പ്പെട്ടി പടിഞ്ഞാറെത്തറ, തൃശ്ശിലേരി എന്നീ സ്ഥലങ്ങളിൽ വച്ച് ആദിവാസികൾക്ക് സൗജന്യ മെഡിക്കൽ ക്യാമ്പുകൾ നട ത്തപ്പെട്ടു. പ്രാദേശീക മിഷനറിമാരും വിശ്വാസികളും വേണ്ട തായ ക്രമീകരണങ്ങൾക്കായി സഹകരിച്ചു. ടാബോർ ഹിൽ റിട്രീറ്റ് സെന്ററിൽ വച്ച് വെള്ളി, ശനി, ദിവസങ്ങളിൽ നടത്ത പ്പെട്ട ക്യാമ്പിൽ 900ത്തിൽ അധികം രോഗികളെ പരിശോ ധിച്ച് വിദഗ്ധ ചികിത്സ സൗജന്യമായി നൽകി. കൊട്ടിയൂർ, കാര്യമ്പാടി, ഫോറസ്റ്റ് വയൽ, ഭൂദാനം, പനമരം എന്നീ സ്ഥല ങ്ങളിൽ പ്രാർത്ഥനായോഗങ്ങളും ക്രമമായി നടത്തപ്പെട്ടു.

2025 ഒക്ടോബർ 14-ാം തീയതി വയനാട്ടിലെ എല്ലാ സഭ കളിലും നിന്നും വിശ്വാസികൾ കടന്നുവന്നു. പൊതു ആരാ ധനയും വളരെ അനുഗ്രഹകരമായി നടത്തുവാൻ വലിയ വനായ ദൈവം സഹായിച്ചു.തൃശ്ശിലേരിയിലുള്ള ഒരു വലിയ ഹാൾ വാടകയ്ക്കെടുത്താണ് പ്രോഗ്രാം ക്രമീകരിച്ചത്. കൃത്യം 10 മണിക്ക് തന്നെ പാസ്റ്റർ വി.സി ജേക്കബിന്റെ അദ്ധ്യ ക്ഷതയിൽ ചേർന്ന യോഗം പാസ്റ്റർ ബാലന്റെ പ്രാർത്ഥന യോടെ ആരംഭിച്ചു. പാസ്റ്റർ പ്രസാദ് & ടീം ആരാധനയ്ക്ക് നേതൃത്വം നൽകി. തുടർന്ന് കെ പൗലോസ് സങ്കീർത്തനം വായിച്ച് മിഷന്റെ നാളിതുവരെയുള്ള വയനാട്ടിലെ പ്രവർത്ത നത്തെക്കുറിച്ചും ആവശ്യങ്ങളെക്കുറിച്ചും സംക്ഷിപ്തമായ ഒരു വിവരണം നൽകി പാസ്റ്റർ വറുഗീസ് ചാക്കോ സദസ്യരെ സ്വാഗതം ചെയ്തു സംസാരിച്ചു. പാസ്റ്റർ രാമു (നാണിച്ചി) സിസ്റ്റർ ബിന്ദു ( കാട്ടിക്കുളം) എന്നിവരുടെ സാക്ഷ്യം എല്ലാ വരേയും കോൾമയിർ കൊള്ളിച്ചു. തുടർന്നുള്ള ശുശ്രൂഷ കൾ കടന്നുവന്ന മെഡിക്കൽ ടീം നിർവ്വഹിച്ചു. Er.ബാബു വർഗീസിന്റെ പ്രാർത്ഥനക്കുശേഷം പാസ്റ്റർ വി സി ജേക്കബ്, പാസ്റ്റർ തോമസ്, പാസ്റ്റർ ബിജു ഡാനിയേൽ എന്നിവർ ചുരുക്കമായി ദൈവവചനം ശുശ്രൂഷിച്ചു. മുഖ്യ സന്ദേശം ഡോ. റോബിൻ (Cardiarthorasic Surgeon New york) നൽകി. പിന്നീട് 8 മിഷനറിമാരുടെ സമർപ്പണ ശുശ്രൂ ഷകൾക്ക് ഡോ. മുരളീധർ നേതൃത്വം നൽകി പ്രാർത്ഥിച്ചു. പാസ്റ്റർ വി സി ജേക്കബ് ചുരുങ്ങിയ വാചകത്തിൽ നന്ദി പ്രകാശിപ്പിക്കുകയും പ്രാർത്ഥന ആശീർവാദം എന്നിവ യോടെ 1.30 pm ന് യോഗം മംഗളമായി അവസാനിച്ചു. തുട ർന്ന് കടന്നുവന്ന് സംബന്ധിച്ച 1350 പേർക്ക് ഭക്ഷണവും ക്രമീകരിച്ചിരുന്നു. എല്ലാവരും ഭക്ഷിച്ച് തൃപ്തരായി കടന്നു പോയി. ഈ പൊതു ആരാധനയുടെ വിജയകരമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി അദ്ധ്വാനിച്ച എല്ലാ വരെയും ദൈവമായ കർത്താവ് അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. പ്രകൃതിയെ അനുകൂലമാക്കിതന്ന ദൈവ ത്തിന് സ്തോത്രം. ട്രൈബൽ മിഷനെ സ്നേഹിച്ച് തങ്ങളുടെ വിലയേറിയ സമയം വേർതിരിച്ച് വയനാട്ടിൽ കടന്നുവന്ന് ശുശ്രൂഷിച്ച മെഡിക്കൽ ടീം സംഘാംഗങ്ങളോടുള്ള ട്രൈബൽ മിഷന്റെ നന്ദിയും സ്നേഹവും കടപ്പാടും അറി യിച്ചുകൊണ്ട് നിർത്തുന്നു.



പരിശോധനകളുടെ സ്കൂളിലത്രേ നാം വിശ്വാസത്തിന്റെ പാഠം അഭ്യസിക്കുന്നത്.

# പദപ്രശ്നം 15

(റ്റി.യു ഉതുപ്പ്, തിരുവനന്തപുരം)

**ശ്രദ്ധിക്കുക :**

പദപ്രശ്നം 11 മുതൽ 13 വരെയുള്ള ഭാഗങ്ങളിലെ സമ്മാനാർഹരെ അടുത്ത ലക്കത്തിൽ പ്രസ്താവിക്കുന്നതാണ്. തുടർന്ന് പദപ്രശ്നം 14 മുതൽ 16 വരെയുള്ള 3 ലക്കങ്ങളിലും എല്ലാം ശരിയാക്കുന്ന രണ്ട് പേർക്ക് സമ്മാനം ലഭിക്കുന്നതാണ്. രണ്ടിലധികം പേരുണ്ടായാൽ നറുക്കെടുപ്പിലൂടെ സമ്മാനാർഹരെ തിരഞ്ഞെടുക്കും. ഉത്തരങ്ങൾ രണ്ടു രീതിയിൽ അയക്കാം. സൂചനകൾ നോക്കി വലത്തോട്ടുള്ളവ വേറെയും താഴോട്ടുള്ളവ വേറെയും വ്യക്തമായി കാണിച്ച് അയക്കാം അല്ലെങ്കിൽ ഒരു പോസ്റ്റ് കാർഡിൽ കോളങ്ങൾ വരച്ച്, കോളങ്ങൾ പൂരിപ്പിച്ച് അയക്കാം. അയക്കേണ്ട വാട്ട്സ് ആപ്പ് നമ്പർ 8714484527. ഉത്തരങ്ങൾ ലഭിക്കേണ്ട അവസാന തീയതി 2025 നവംബർ 30.

| | | | | | |
|---|---|---|---|---|---|
| 1 | | 9 | 2 | | |
| 3 | | 4 | | 10 | |
| 7 | 8 | | | | 11 |
| | | | | | |
| 5 | 6 | | | | |

## സൂചനകൾ (Clues)

**വലത്തോട്ട്**

1 ദൈവത്തെ സ്തുതിക്കുന്നത് (4)
2. ഈ പട്ടണത്തിലെ വിധവയുടെ മകനെ യേശു ഉയിർപ്പിച്ചു (3)
3. മാല (2)
4. കുഷ്ഠരോഗം ബാധിച്ച അരാം സൈന്യാധിപൻ (4)
5. കടലിൽ എപ്പോഴും ഉണ്ട് (2)
6. ധൈര്യമായി യുദ്ധം ചെയ്യുന്നവൻ (5)

**താഴേക്ക്**

1. ഹിസ്കിയ രാജാവിന്റെ പിതാവ് (3)
2. യോർദ്ദാനിൽ 7 പ്രാവശ്യം മുങ്ങി സൗഖ്യം പ്രാപിച്ച അരാമ്യൻ (4)
7. കർത്താവിന് മഹത്വം കൊടുക്കുന്നത് (3)
8. എതിർ ക്രിസ്തുവിനെയും കള്ളപ്രവാചകനെയും തീപ്പൊയ്കയിൽ തള്ളുന്നവൻ കയറി വരുന്ന മൃഗം (3)
9. ധാരാളം പണം ഉള്ളവൻ (4)
10. ധനം / ദ്രവ്യം (3)
11. ആദ്യത്തെ കൊലപാതകി (3)

**പദപ്രശ്നം 13 ലെ ഉത്തരങ്ങൾ**

**വലത്തോട്ട്-** 1. ഒനേസിമോസ്, 2. ബർത്തിലോമായി, 3. വീണ്ടെടുപ്പ്, 4. യോഹന്നാൻ, 5. അഗ്രിപ്പാ, 6. കൃപ

**താഴേക്ക് -** 1.ഒബദ്യാവ്, 4. യോപ്പ, 7. നേർവീഥി, 8. ഹന്ന, 9. മാപ്പ്, 10. നയീൻ

ആകെ 16 പേർ പങ്കെടുത്തു. 14 പേർ എല്ലാം ശരിയുത്തരം അയച്ചു. ശരിയുത്തരം അയച്ചവർ

**എല്ലാം ശരിയുത്തരം അയച്ചവർ**

1. സുശീല ഡേവിഡ്, വിതുര
2. സൂസമ്മ ചാക്കോ, ചൂണ്ടി, ആലുവ
3. ദീന പ്രവീൺ, കരുളായി
4. ബിനീറ്റാ തോമസ്, ആനപ്പാറ
5. ലിസി ജോബ്, കുന്നംകുളം
6. ശ്രീ. വി. എം. തോമസ്, മണർകാട്
7. എലിസബത്ത് അലക്സ്, അയിരൂർ
8. ജിൻസി എഡ്ബി, പഴഞ്ഞി
9. സുലു പീറ്റർ, പെരുമ്പാവൂർ
10. വൽസാ തോമസ്, എറണാകുളം
11. നിഷാ ജോസ്, ചെങ്ങന്നൂർ
12. ഷൈനി സെർജിൻ, പെരുവമ്പാടം
13. സിജി കടയ്ക്കനാട്
14. ശ്രീ. പാപ്പച്ചൻ വി.വി., പട്ടിത്തടം, പഴഞ്ഞി (80 വയസ്സ്)

*എല്ലാവർക്കും അഭിനന്ദനങ്ങൾ*

**തെറ്റുകൾകൾക്ക് പ്രതിശാന്തി ചെയ്യുന്നത് സാക്ഷാൽ മാനസാന്തരമാണ്.**

# 'ദൈവത്തിനു കടം കൊടുക്കുന്നവർ'

കർത്താവിൽപ്രിയരെ ,
കഴിഞ്ഞ2 മാസങ്ങളിലായി ബഥനിബാലഭവനിൽ സ്നേഹവിരുന്ന് നൽകിയവരുടെ പേരു വിവരം താഴെ ചേർക്കുന്നു. അവരോടുള്ള നന്ദിയും കടപ്പാടും പ്രത്യേകം അറിയിക്കുന്നു.

| Sl No. | Date | Occasion | Love Feast Sponsored by | Food Given |
|---|---|---|---|---|
| 1 | 21.06.25 | Grand Son Mathew Jacob Samuel's Arrival New Born | Mr. Baby Mathew, Kolenchery | Frued Rice and Chicken Curry |
| 2 | 14.08.25 | Anniversaries- Family Good will | Engr. J John Kozhikode | Fried Rice & Chicken |
| 3 | 26.08.25 | Orphanages Day Celebration | Mrs Lilly Saji, Former BEMHS Teacher | Rice Meals with Chicken & Cake |
| 4 | 10.10.25 | Good will | Br. Sajumon Joseph, Sr, Sneha, Davis, Benjamin, Aleena, Joshua, NOA Family Kottayam | Rice Meals with Chicken |
| 5 | 13.10.25 | Family Birthdays Good will | Arun Venkit & Vidhya Family | Fried Rice & Chicken |
| 6 | 18.10.25 | Good will | Dr. Rony Rajan Paul & Dr. Anu, Vadavathoor, Kottayam | Porata & Egg curry |
| 7 | 19.10.25 | CEF Camp Good will | Br. Sanely & CEF Team TVM | Fried Rice and Chicken |

'എളിയവനോട് കൃപ കാട്ടുന്നവൻ യഹോവയ്ക്കു വായ്പ കൊടുക്കുന്നു '
(സദൃശ്യവാക്യങ്ങൾ 19:17)

കെ. കെ. കോശി

Our bank Account Name : TRIBAL MISSION
Account number : 1656101013972
Bank & Branch : Canara Bank, Anaikatty Branch
IFSC CODE : CNRB0001656

PLEASE SEND YOUR KIND DONATIONS ONLY FROM INDIAN BANKS ACCOUNTS IN INDIAN RUPEES.
DO NOT FORGET TO SEND THE TRANSFER DETAILS IMMEDIATELY by WhatsApp. 9207033809



# പ്രാർത്ഥനാ കലണ്ടർ 2025

## ഒക്ടോബർ- നവംബർ



1. **ഇടുക്കി –** ട്രൈബൽ മിഷൻ ചർച്ച് മാങ്കുളം ഹാളിന്റെ പണികൾ നടത്തുന്നതിന് വേണ്ടി പ്രാർത്ഥന ചോദിക്കുന്നു.
2. **ആനച്ചാൽ** ട്രൈബൽ കോളനിയിലെ കൂടിവരവിനെ ഓർത്തു പ്രാർത്ഥിക്കുക. ആരാധനാലയത്തിന്റെ സമീപം മദ്യപാനവും മറ്റിതര പ്രവർത്തനങ്ങളും നടക്കുന്നു. മാറ്റം വരേണ്ടതിനായി പ്രാർത്ഥിക്കുക.
3. **പൊങ്ങാംചുവട്** പ്രദേശത്ത് പുതിയ പ്രവർത്തനം തുടങ്ങുന്നതിന് ആവശ്യമായ സാദ്ധ്യതകൾ ഉണ്ടാകുന്നതിന് അവിടെയുള്ള എതിർപ്പുകൾ മാറിക്കിട്ടുന്നതിനും വേണ്ടി പ്രാർത്ഥിക്കുക.
4. ഇടുക്കി ജില്ലയിലെ സഭകൾക്ക് സെമിത്തേരിയുടെ ആവശ്യം ഉണ്ട് ഈ വിഷയത്തിന് നല്ല ഒരു പരിഹാരം ഉണ്ടാകുന്നതിന് വേണ്ടി പ്രാർത്ഥിക്കണം
5. **മലപ്പുറം** – പള്ളിക്കുത്ത് എന്ന സ്ഥലത്ത് ഒരു പുതിയ പ്രവർത്തനം ആരംഭിക്കുന്നതിന് മിഷനറിമാർ പ്രാർത്ഥിച്ചുവരുന്നു താങ്കളുടെ പ്രാർത്ഥനയിൽ ഈ വിഷയത്തെ ഓർക്കുക.
6. **തിരുവനന്തപുരം** – ആര്യൻ കാവിൽ നമ്മുടെ മിഷനറിമാർ പോയി ഒരു പ്രവർത്തനം ആരംഭിച്ചിരിക്കുന്നു. അവിടെ സ്ഥിരമായി നിന്നു താമസിച്ചു പ്രവർത്തിക്കാൻ ഒരു മിഷനറി കുടുംബത്തെ വേണം
7. **ആനപ്പാറ**യിൽ പ്രവർത്തിച്ചു വരുന്ന ട്രൈബൽ മിഷൻ സ്കൂളിന്റെ പ്രവർത്തനങ്ങൾ അനുഗ്രഹമായി നടക്കുന്നതിന് പ്രാർത്ഥിക്കുക.
8. **വയനാട്** – വയനാട്ടിലെ വിവിധ മിഷൻ കേന്ദ്രങ്ങളിലായി സ്നാനപ്പെട്ടവരെ ഓർത്തു പ്രാർത്ഥിക്കുക. വിശ്വാസത്തിൽ വളരേണ്ടതിനും, സഭയിൽ നിലനിൽക്കേണ്ടതിനും പ്രാർത്ഥിക്കുക
9. വയനാട്ടിൽ നടക്കുന്ന ബൈബിൾ ക്ലാസ്സിന്റേയും, ഡി – അഡിക്ഷൻ ക്യാമ്പിന്റേയും വിജയകരമായിട്ടുള്ള നടത്തിപ്പിനായി പ്രാർത്ഥിക്കണം
10. വയനാട്ടിൽ പലയിടങ്ങളിലും വാടകകെട്ടിടങ്ങളിൽ ആരാധന നടക്കുന്നു പ്രാർത്ഥിക്കുക
11. **അട്ടപ്പാടി** – പൊതു ആരാധന, ഗ്രാമസുവിശേഷീകരണങ്ങൾ, മിഷൻ ഫീൽഡുകളിലെ പ്രവർത്തനങ്ങൾ എന്നിവയ്ക്കായും ബാലഭവൻ, സ്കൂൾ എന്നിവയുടെ പ്രവർത്തനങ്ങൾക്കായും പ്രാർത്ഥിക്കുക.
12. ട്രൈബൽ മിഷൻ സപ്പോർട്ടേഴ്സിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കാം അവർക്ക് മിഷനെ സപ്പോർട്ട് ചെയ്യുന്നതിനുള്ള നന്മകൾ ദൈവം ഒരുക്കികൊടുക്കുന്നതിനായി പ്രാർത്ഥിക്കുക. മിഷന്റെ ഭാരവാഹികൾക്കായി പ്രാർത്ഥിക്കാം. മിഷന് വേണ്ടി കൂടുതൽ പ്രയോജനപ്പെടുന്നതിനു ആരോഗ്യവും ആയുസ്സും ദൈവം നൽകുന്നതിനായി പ്രാർത്ഥിക്കാം.
13. ട്രൈബൽ മിഷൻ ഹെഡ് ഓഫീസിലെ പ്രവർത്തനങ്ങൾക്കായി പ്രാർത്ഥിക്കാം. ഓഫീസ് സ്റ്റാഫ്, ശ്രീ. എം. പി. കുര്യാക്കോസ്, ശ്രീമതി മിനി കുര്യാക്കോസ്, ബ്രദർ ഷാജു ഐ. എബ്രഹാം, പാസ്റ്റർ ജയദാസ് എന്നിവർക്കായി പ്രാർത്ഥിക്കുക. ട്രൈബൽ മിഷന്റെ എല്ലാ മിഷനറിമാർക്കും അവരിലൂടെ ദൈവം ചെയ്യുന്ന എല്ലാ വിധമായുള്ള പ്രവർത്തനങ്ങൾക്കായും പ്രാർത്ഥിക്കാം. ട്രൈബൽ ന്യൂസിന്റെ പ്രിന്റിംഗ് പോസ്റ്റിംഗ് ലേഖനങ്ങൾ, എഴുത്തുകൾ എല്ലാം അനുഗ്രഹമായി നടക്കുന്നതിന് പ്രാർത്ഥിക്കാം. ന്യൂസിന്റെ എഡിറ്ററായി പ്രവർത്തിക്കുന്ന റ്റി. ജയദാസ് എന്ന കർത്തൃദാസനെ ഓർത്തും പ്രാർത്ഥിക്കാം.

**നിങ്ങളുടെ പ്രാർത്ഥനാവിഷയങ്ങൾ ഞങ്ങളെ അറിയിക്കുക.**

***ഞങ്ങൾ നിങ്ങൾക്കായി പ്രാർത്ഥിക്കുന്നതാണ്* : ഫോൺ : 9747442935**

# മിഷൻ ഫീൽഡ് പ്രവർത്തനങ്ങൾ

## കരുളായി മിഷൻ സെന്റർ

ദൈവകൃപയാൽ കരുളായി ചർച്ചിലെ വിശ്വാസകുടുംബങ്ങൾ സുഖമായിരിക്കുന്നു. സണ്ടേ സ്കൂൾ, യൂത്ത് മീറ്റിംഗ്, സഹോദരിമാരുടെ പ്രാർത്ഥന, ചെയിൻ പ്രയർ, പുരുഷന്മാരുടെ മീറ്റിംഗ് എല്ലാം പതിവുപോലെ നടന്നുവരുന്നു. സെപ്തംബർ 12,13 തീയതികളിൽ ഉപവാസ പ്രാർത്ഥനയ്ക്കായി കൂടി വരുവാൻ ദൈവം സഹായിച്ചു. ചെറിയ ഭൂമിക്കുത്ത്, കൊട്ടുപാറ, വെള്ളാരംകുന്ന്, നെല്ലികുത്ത് എന്നീ കോളനികളിലെ പുതിയ പ്രവർത്തനം ഭംഗിയായി നടന്നുവരുന്നു. വെള്ളംകുന്ന് കോളനിയിൽ ചൊവ്വാഴ്ച ദിവസങ്ങളിൽ കുട്ടികൾക്കായുള്ള ബൈബിൾ ക്ലാസ്സ് നടന്നു വരുന്നു. സെപ്തംബർ1,2,3 തീയതികളിൽ നടന്ന ICPF ന്റെ വയനാട് ക്യാമ്പിൽ കരുളായി സഭയിൽ നിന്ന് 8 പേരെ പങ്കെടുപ്പിക്കാൻ സാധിച്ചു. കമ്പ്യൂട്ടർ സെന്ററിന്റെ പ്രവർത്തനങ്ങളും നടന്നു വരുന്നു. തുടർന്ന് ഞങ്ങളുടെ പ്രവർത്തനങ്ങളെ ഓർത്ത് പ്രാർത്ഥിക്കണമെന്ന് അപേക്ഷിക്കുന്നു

*പ്രവീൺ ജെ. എസ്.*

## ഏച്ചോം,വിളമ്പുകണ്ടം മിഷൻ സെന്റർ

ദൈവ നാമത്തിന് മഹത്വം ഉണ്ടാകട്ടെ,

ഏച്ചോം വിളമ്പുകണ്ടം ദൈവ സഭയിലെ ആത്മീക പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടക്കുന്നു. വിശ്വാസികളുടെ ആത്മീക വർദ്ധനവിനായിട്ടുള്ള ഭവന കൂട്ടായ്മ, ഉപവാസം, വെള്ളിയാഴ്ച പ്രാർത്ഥന എന്നീ കൂട്ടായ്മ, കൂടി വരുന്നു. സുവിശേഷവേലയ്ക്ക് വിശ്വാസികളെ കൂട്ടികൊണ്ട് പോകുന്നു.

സഭയിൽ ചില സഹോദരങ്ങൾ ശാരീരികമായ പ്രയാസങ്ങളാൽ ഭാരപ്പെടുന്നു. ഈ പ്രിയപ്പെട്ടവരെ ഓർത്ത് പ്രാർത്ഥന ചോദിക്കുന്നു. ചില സഹോദരങ്ങൾ സ്നാനത്തിനായി തയ്യാറെടുക്കുന്നുണ്ട്. ഈ പ്രിയപ്പെട്ടവരെ ഓർത്ത് പ്രാർത്ഥന ചോദിക്കുന്നു. സഭയിലെ മുഴുവൻ വിശ്വസികളുടേയും ആത്മീക നിലനിൽപ്പിനെ ഓർത്ത് പ്രാർത്ഥന ചോദിക്കുന്നു.

*പാസ്റ്റർ ശശി*

## പടിഞ്ഞാറെത്തറ മിഷൻ സെന്റർ

ദൈവകൃപയാൽ ട്രൈബൽ മിഷൻ പടിഞ്ഞാറെത്തറ സഭയുടെ പ്രവർത്തനങ്ങൾ അനുഗ്രമായിരിക്കുന്നു. കഴിഞ്ഞ ഒരുമാസം ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ച മിഷൻ ഭാരവാഹികൾക്ക് നന്ദി അറിയിക്കുന്നു. സഭയിൽ പുതിയതായി വരുന്നവർ നിലനിൽക്കുന്നു. സഭയിൽ പുതിയതായി വരുന്നവർ നിലനിൽക്കുന്നു. സന്ദർശിച്ച ഉന്നതികളുടെ വിടുതലനായി പ്രാർത്ഥിക്കുക. സ്നാനത്തിനായി 3 പേർ തയ്യാറെടുക്കുന്നു. സെപ്തംബർ 19, 20, 21 തീയതികളിൽ സഭയിൽ ഉപവാസപ്രാർത്ഥനകൾ നടക്കുന്നു. ഇപ്പോൾ 28, 30 പേർ ആരാധനയ്ക്കുവരുന്നു. അവരുടെ നിലനിൽപ്പിനായി പ്രാർത്ഥിക്കുക. അരമ്പറ്റ പള്ളിഉന്നതി, വൈപ്പടി, വാളൽ, വെച്ചന,പ്ലാന്തോട്ടം, അൽഫോൺസ നഗർ, കൊച്ചേട്ടൻകവല ഉന്നതികൾ സന്ദർശിച്ചു. തുടർന്നും ഇവിടുത്തെ പ്രവർത്തനങ്ങളെ ഓർത്ത്പ്രാർത്ഥിക്കണമെന്ന് അപേക്ഷിക്കുന്നു.

*ജിഷ്ണു എൻ. വി.*

## പയ്യംമ്പള്ളി മിഷൻ സെന്റർ

പയ്യംമ്പള്ളി ബിജു പാസ്റ്റർ പടമല ക്യാമ്പ് സെന്റർ എന്നിവിടങ്ങളിൽ ചേർന്ന് നിന്ന് പ്രവർത്തിക്കുന്നു. അനേകം കോളനികളിൽ കടന്ന് ചെന്ന് സുവിശേഷം പറയുകയും രോഗികളെ സന്ദർശിച്ച് അവർക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു. ക്യാമ്പിലേക്ക് ആളുകളെ കൂട്ടികൊണ്ട് പോവുകയും ചെയ്യുന്നു. എല്ലാ ദിവസവും ഭവന പ്രാർത്ഥനക്കായി കടന്ന് പോകുന്നു. കഴിഞ്ഞ ക്യാമ്പിൽ രണ്ട് പേരേ പങ്കെടുപ്പിക്കുകയും ചെയ്തു. സഭയിലെ എല്ലാ പ്രവർത്തനങ്ങൾക്കും സജീവമായി പങ്കെടുക്കുന്നു. മടത്തിങ്കര കോളനി, പയ്യംമ്പള്ളി കോളനി, ഇരുപതാം കോളനി, അഞ്ചാം കോളനി ഇവിടെല്ലാം പ്രവർത്തനങ്ങൾ നടക്കുന്നു. 28 വയസ്സ് പ്രായമായി ഒരു പെൺകുട്ടി ബസ്സിൽ നിന്ന് വീണ് അരയ്ക്ക് താഴെക്ക് തളർന്നുപോയി ആ പെൺകുട്ടിക്ക് വേണ്ടി പ്രാർത്ഥന ചോദിക്കുന്നു. കോണവയൽ കോളനിക്ക് വേണ്ടി പ്രാർത്ഥന ചോദിക്കുന്നു. എട്ട് പേർ അവിടെ നിന്ന് ക്യാമ്പിനായി കടന്നുവരുന്നു. ഞങ്ങളുടെ പ്രവർത്തനങ്ങൾക്കായി പ്രാർത്ഥന ചോദിക്കുന്നു.

*മാത്യു കെ.റ്റി.*

## കാര്യമ്പാടി മിഷൻ സെന്റർ

കാര്യമ്പാടിയിലെ പ്രവർത്തനം അനുഗ്രഹമായി നടക്കു

ന്നു. കടന്നുവരുന്ന വിശ്വാസികുടുംബങ്ങൾ ആത്മാർത്ഥമായി നിലനിൽക്കുന്നു. ഞങ്ങൾ സുവിശേഷം അറിയിക്കുന്ന കോളനികൾ, വാഴവറ്റ, ഊർക്കണ്ടി, അരിമുള, അണിമൂല, കൈപ്പട്, വീട്ടിക്കുന്ന്, അടിച്ചിലാടി, സഭയിൽ, എല്ലാ മാസവും ഉപവാസ പ്രാർത്ഥനകൾ നടക്കുന്നു. ഫീൽഡ് വർക്കും അനുഗ്രഹമായി നടക്കുന്നു. കഴിഞ്ഞ മാസം നടന്ന ഡി അഡിക്ഷൻ ക്യാമ്പിൽ 4 പേർ പങ്കെടുത്തു. അവർ ആരാധനയ്ക്ക് കടന്നുവരുന്നു. കാര്യമ്പാടിയിലെ പ്രവർത്തനത്തെയും എന്റെ കുടുംബത്തേയും ഓർത്ത് പ്രാർത്ഥിക്കണമെന്ന് ദൈവനാമത്തിൽ അറിയിക്കുന്നു.

*മിഷനറി അനിൽ എം.എ.*

## വടക്കനാട് മിഷൻ സെന്റർ

ദൈവനാമത്തിന് മഹത്വം ഉണ്ടാകട്ടെ,

വടക്കനാട് സഭാപ്രവർത്തനം അനുഗ്രഹമായി നടക്കുന്നു. സഭയിൽ 41 പേർ ഉണ്ട്. സഭിയൽ ഉള്ളവരെ ഓർത്ത് പ്രാർത്ഥിക്കണമേ. അവരുടെ നിലനിൽപ്പിന് പുതിയ കുടുംബം സഭയിൽ വരുവാൻ വേണ്ടി, റോസ അമ്മച്ചിയെ ഓർത്ത് പ്രാർത്ഥിക്കണം. ഭക്ഷണം കഴിക്കുമ്പോൾ വേദന. സഭയിൽ വരുന്ന കോളനി പെരുകൾ, മണ്ഡക്കൂട്ട് കോളനി, കലൂർ കോളനി, അത്തിമടലു കോളനി കുടക്പറ കോളനി. സാജു സഹോദരൻ ക്യാമ്പിന് 9 പേരെ പങ്കെടുപ്പിച്ചു. പുതിയ ആൾ പ്രാർത്ഥനയിൽ പങ്കെടുത്തു.

*രാഘവൻ കെ.*

## തലപ്പുഴ മിഷൻ സെന്റർ

1. ദൈവകൃപയാൽ തലപ്പുഴ ട്രൈബൽ മിഷൻ ചർച്ചിന്റെ പണി 03.09.2025 തോമസ് ഡേവിഡ് സാർ, തറക്കല്ലിട്ടു ആരംഭിക്കുവാൻ ഇടയായി, വേഗത്തിൽ സഭയുടെ പണി പൂർത്തീകരിക്കുവാൻ ദൈവ കൃപയ്ക്കായി പ്രാർത്ഥന ചോദിക്കുന്നു.
2. സെപ്തംബർ മാസം ഉപവാസ പ്രാർത്ഥന നടന്നു. ഉപവാസ പ്രാർത്ഥനയിൽ 72 കുട്ടികളടക്കം 72 പേർ പങ്കെടുത്തു. പങ്കെടുത്തവരുടെ നിലനിൽപ്പിനായി പ്രാർത്ഥന ചോദിക്കുന്നു.
3. പെരിയ മോനച്ചൻ കുന്ന് കോളനി പുതിയ വിശ്വാസികൾ 34 പേർക്കായ് അവരുടെ ആത്മീക വളർച്ചക്കായി
4. പെരിയ- അജിത്ത് വയസ് 24 ബൈബിൾ കോളേജിലേക്ക് വചന പഠനത്തിനായ് കടന്നു പോയിരിക്കുന്നു ആ കുഞ്ഞിന്റെ വളർച്ചക്കായ്
5. തലപ്പുഴ സഭയിലെ 20 വിശ്വാസികൾക്കായ് പ്രാർത്ഥന ചോദിക്കുന്നു.
6. സഭയിലെ എല്ലാ കുഞ്ഞുങ്ങൾക്കായ് പ്രാർത്ഥന ചോദിക്കുന്നു.
7. പിന്മാറ്റത്തിലേക്ക് പോയ നീതു 44 പ്രദേശം തലപ്പുഴ ഇവരുടെ തിരിച്ചുവരവിനായ് പ്രാർത്ഥന ചോദിക്കുന്നു.

*പാസ്റ്റർ ബോവാസ്*

## ചേകാടി മിഷൻ സെന്റർ

ചേകാടിയിലെ സഭാപ്രവർത്തനങ്ങൾ വളരെ അനുഗ്രഹമായ രീതിയിൽ മുന്നോട്ട് പോകുന്നു. ചേകാടി സഭയിൽ ഇപ്പോൾ 52ഓളം വിശ്വാസികൾ കടന്നുവരുന്നു. അതിൽ 14 കുട്ടികളുമുണ്ട്. കുടുംബപ്രാർത്ഥനകൾ സഹോദരിമാരുടെ മീറ്റിംഗുകൾ, യൂത്ത് മീറ്റിംഗ്, ഫീൽഡ് പ്രവർത്തനങ്ങൾ, ഉപവാസ പ്രാർത്ഥനകൾ നടന്നുവരുന്നു. ഈ മാസം സെപ്തംബറിൽ കോട്ടിയൂർ, തിരുനെല്ലി, ചേകാടിയിലും ഉപവാസ പ്രാർത്ഥന നടത്തുകയും, ഞായറാഴ്ച് കർത്തൃമേശയോടെ ഉപവാസപ്രാർത്ഥന അവസാനിപ്പിച്ചു രക്ഷഡീ - അഡിക്ഷൻ ക്യാമ്പിലേക്ക് കുടുംബങ്ങൾ കടന്നുപോവുകയും അത് അവർക്ക് അനുഗ്രഹമായെന്ന് സാക്ഷ്യം പറയുകയും ചെയ്തു.

*പാസ്റ്റർ മോനച്ചൻ കെ.റ്റി.*

## തിരുനെല്ലി മിഷൻ സെന്റർ

തിരുനെല്ലിയിൽ 25ഓളം വിശ്വാസികൾ കടന്നുവരുന്നുണ്ട്. അതിൽ 6 കുടികളുണ്ട്. ഞായറാഴ്ചത്തെ ആരാധന അനുഗ്രമായി നടക്കുന്നു. രാവിലെ 8 മണി മുതൽ 11.15 വരെയാണ് തിരുനെല്ലിയിലെ ആരാധന. എല്ലാ വെള്ളിയാഴ്ചയും ഉപവാസപ്രാർത്ഥന നടത്തിവരുന്നു. ഈ മാസം നടന്ന 4 ദിവസത്തെ ഉപവാസ പ്രാർത്ഥനയിൽ 5-ാം തീയതി തിരുനെല്ലിയിൽ നടത്തി. കുടുംബപ്രാർത്ഥന, ഉപവാസ പ്രാർത്ഥന, സഹോദരിമാരുടെ മീറ്റിംഗ്, എല്ലാം നടന്നുവരുന്നുണ്ട്

തുടർന്ന് ഈ 2 സ്ഥലങ്ങളിലെയും വിശ്വാസികളെയും സഭയേയും ഓർത്ത് പ്രാർത്ഥിക്കണം, ദൈവദാസന്നേയും കുടുംബത്തെയും ഓർത്ത് പ്രാർത്ഥിക്കണമെ

*പാസ്റ്റർ മോനച്ചൻ കെ.റ്റി.*

## കാട്ടിക്കുളം മിഷൻ സെന്റർ

ദൈവനാമത്തിന് മഹത്വമുണ്ടാകട്ടെ

കാട്ടിക്കുളം ദൈവസഭയിലെ ആത്മീയ ശുശ്രൂഷകൾ ദൈവ കൃപയാൽ അനുഗ്രഹമായി നടന്നുവരുന്നു. കഴിഞ്ഞ ഒരു മാസത്തെ പ്രവർത്തനങ്ങളെ വഹിച്ച് പ്രാർത്ഥിച്ച എല്ലാവർക്കും ദൈവ കൃപയാൽ നന്ദിയും സ്നേഹവും അറിയിക്കുന്നു.

**പ്രാർത്ഥനാ വിഷയങ്ങൾ**

ക്യാൻസർ രോഗത്തിൽ ഭാരപ്പെടുന്ന അമ്മിണി സഹോദരിയുടെ സൗഖ്യത്തിനായും ശരീരത്തിൽ നീരായി ഭാരപ്പെടുന്ന ഉഷാസഹോദരിയുടെ സൗഖ്യത്തിനായും കണ്ണിന് സുഖമില്ലാതെ ഭാരപ്പെടുന്ന മാരൻ സഹോദരന്റെ



തെറ്റുകൾകൾക്ക് പ്രതിശാന്തി ചെയ്യുന്നത് സാക്ഷാൽ മാനസാന്തരമാണ്.

സൗഖ്യത്തിനായും പ്രാർത്ഥന ആവശ്യപ്പെടുകയാണ്. അപ്പോൾ തന്നെ ഒക്ടോബർ മാസത്തിൽ നടക്കുന്ന രക്ഷാ ഡി അഡിക്ഷൻ ക്യാമ്പിൽ പങ്കെടുക്കാൻ പറഞ്ഞിരിക്കുന്ന കുടുംബങ്ങൾക്കുവേണ്ടിയും പ്രാർത്ഥിക്കുന്നു. സഭാ ശുശ്രൂഷ കോളനി പ്രവർത്തനങ്ങൾ ഒക്കെ അനുഗ്രഹമായി തീരുവാനും പ്രാർത്ഥന ആവശ്യപ്പെടുകയാണ്. കഴിഞ്ഞ ഓഗസ്റ്റ് മാസത്തെ രക്ഷാ ക്യാമ്പിന് പങ്കെടുത്ത് മടങ്ങി വന്ന അമൃത, വിനീഷ് വിനീഷിന്റെ ഭാര്യ രാധ എന്നിവരുടെ നിലനിൽപ്പിനായി പ്രാർത്ഥിക്കുക.

*മിഷനറി പ്രസാദ് സി. എം.*

## അമ്പുകുത്തി മിഷൻ സെന്റർ

ദൈവനാമത്തിന് മഹത്വമുണ്ടായിരിക്കട്ടെ, ദൈവ കൃപയാൽ അമ്പുകുത്തിയിലെ പ്രവർത്തനങ്ങളും കൂട്ടായ്മകളും ആരാധനയും എല്ലാം അനുഗ്രഹമായി പോകുന്നുണ്ട്. ഇവിടെ കടന്നുവരുന്ന ദൈവമക്കളെ ഓർത്ത് പ്രാർത്ഥിക്കണം. അവരുടെ നിലനിൽപ്പോർത്തും പ്രാർത്ഥിക്കണം. ക്യാമ്പിലേക്ക് രണ്ട് പേർ കടന്നുവന്നു അവരെ ഓർത്ത് പ്രാർത്ഥിക്കണം. രോഗത്താൽ ഭാരപ്പെടുന്നവർ ഉണ്ട് അവരെ ഓർത്ത് പ്രാർത്ഥിക്കണം. ദൈവസഭയിൽ കടന്നുവന്നിരുന്ന ഒരു സഹോദരനും കുടുംബവും പിന്മാറ്റത്തിലാണ്. അവരുടെ മകൻ സുഖമില്ലാതെ ഭാരപ്പെടുന്നുണ്ട് ആ മകനെ ഓർത്ത് പ്രാർത്ഥിക്കണം. ഇനി വരുന്ന ക്യാമ്പിലേക്ക് അവർ പോകാൻ ആഗ്രഹിക്കുന്നുണ്ട്. അതിന് വേണ്ടി പ്രാർത്ഥിക്കണം. എന്റെ ഭാര്യയുടെ അമ്മ നെഞ്ച് വേദനയാൽ ഭാരപ്പെടുന്നു. ചികിത്സക്കായി ഈ ഹോസ്പിറ്റലിൽ പോകുന്നുണ്ട്. സാമ്പത്തീകാവശ്യം ഉണ്ട് അതിനുവേണ്ടി പ്രാർത്ഥിക്കണം.

*പാസ്റ്റർ രമേശ്*

## തൃശ്ശിലേരി മിഷൻ സെന്റർ

ദൈവത്തിന്റെ വലിയ കൃപയാൽ തൃശ്ശിലേരി ദൈവസഭ അനുഗ്രഹമായിരിക്കുന്നു. സഭയിൽ നടക്കുന്ന എല്ലാ ആത്മീയ കൂട്ടായ്മകളും തുടരുന്നു. കൂടാതെ മാസത്തിൽ രണ്ടുപ്രാവശ്യം രണ്ടു ദിവസം ഉപവാസപ്രാർത്ഥനയും ഒരു പ്രാവശ്യം മൂന്ന് ദിവസത്തെ ഉപവാസപ്രാർത്ഥനയും നടക്കുന്നു. ഇതുവരെ പ്രാർത്ഥിച്ചു സഹായിച്ച എല്ലാവർക്കും യേശുക്രിസ്തുവിന്റെ നാമത്തിൽ നന്ദിയർപ്പിക്കുന്നു.

ബൈബിൾ സ്കൂളിന്റെ പ്രവർത്തനങ്ങളും ദൈവം നന്നായി നടത്തുന്നു. ഈ മാസത്തിൽ 2 പേർ പുതുതതായി വന്നിട്ടുണ്ട്. അജിത്ത് വെള്ളി, ഇതിൽ വെള്ളി വികലാംഗനായ ആളാണ്. എങ്കിലും വളരെ താത്പര്യത്തോടെ വചനം പഠിക്കാനായി സമർപ്പിക്കപ്പെട്ടയാളാണ് പ്രാർത്ഥിക്കണമേ...

പ്രാർത്ഥന വിഷയങ്ങൾ
വിവാഹപ്രായമായവർ - വിനീത്, ബോവാസ് പ്രായമായവർ,

*പാസ്റ്റർ ജിജി കെ എസ്*

## വയനാട് മിഷൻ സെന്റർ

കഴിഞ്ഞമാസത്തെ പ്രവർത്തനങ്ങൾ വളരെ അനുഗ്രമായി നടക്കുവാൻ കർത്താവ് കൃപചെയ്തു. എല്ലാ മിഷൻ സെന്ററുകളിലെ പ്രവർത്തനങ്ങളും അനുഗ്രഹമായി നടന്നുവരുന്നു. പുതിയ പല കോളനികളിൽ നിന്നും ജനം കടന്നുവന്നുകൊണ്ടിരിക്കുന്നു. ഇനിയും അനേക കോളനികളിൽ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതിനായി പ്രത്യേകം പ്രാർത്ഥിക്കുവാൻ അപേക്ഷിക്കുന്നു. വേലക്കായി ദൈവദാസന്മാരെ ഒരുക്കിയെടുക്കേണ്ടതായും അതിന് ആവശ്യമായ എല്ലാ സാഹചര്യങ്ങളും കർത്താവ് ഒരുക്കി നൽകട്ടെ, അടുത്തമാസം (ഒക്ടോബർ) 12-ാം തീയതി മുതൽ 19-ാം തീയതി വരെ ഐ.സി.പി.എഫ്ന്റെ നേതൃത്വത്തിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തുവാൻ ആഗ്രഹിക്കുന്നു. 14-ാം തീയതി ചൊവ്വാഴ്ച കോമൺ മെമ്പർഷിപ്പ് തൃശ്ശിലേരിയിലുള്ള ഓഡിറ്റോറിയത്തിൽ വെച്ചു നടത്തുവാൻ കർത്താവിൽ ആഗ്രഹിക്കുന്നു. 16-ാം തീയതി സ്നാനശുശ്രൂഷയും ക്രമീകരിച്ചിട്ടുണ്ട്. ഡോ. മുരളീധർ ഈ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുന്നു. തുടർന്നും ഇവിടുത്തെ പ്രവർത്തനങ്ങളെ ഓർത്ത് പ്രാർത്ഥിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട്

*പാസ്റ്റർ ജേക്കബ് വി.സി.*

## പെരുവമ്പാടം മിഷൻ സെന്റർ

ദൈവകൃപയാൽ പെരുവമ്പാടം ട്രൈബൽ മിഷൻ സെന്ററിന്റെ പ്രവർത്തനങ്ങൾ അനുഗ്രഹമായി നടക്കുന്നു. ഓഗസ്റ്റ് മാസം 24-ാം തീയതി മുതൽ 31-ാം തീയതി വരെ നടന്ന വയനാട് ഡി അഡിക്ഷൻ ക്യാമ്പിൽ 12 പേർ കടന്ന് പോകാൻ സാധിച്ചു. സെപ്തംബർ മാസം 1-ാം തീയതി മുതൽ 7-ാം തീയതി വരെ 7 ദിവസത്തെ ഉപവാസ പ്രാർത്ഥന നടത്തുവാൻ ദൈവം കൃപചെയ്തു. ആരാധനകളിലെല്ലാം വിശ്വാസികൾ സന്തോഷത്തോടെ കടന്ന് വന്ന് ദൈവത്തെ ആരാധിക്കുന്നു. ദൈവ പ്രവൃത്തി വെളിപ്പെട്ടുകൊണ്ടിരിക്കുമ്പോൾ തന്നെ ചില പ്രതികൂലങ്ങളും കടന്ന് വരുന്നു. സഭക്ക് വിരോധമായി വരുന്ന പ്രതികൂലങ്ങളിൽ നിന്നും ദൈവം വിടുതൽ അയക്കേണ്ടതിനായി പ്രത്യകം പ്രാർത്ഥിക്കുക.

*പാസ്റ്റർ സെർജിൻ*

# സംഭാവന അയക്കുന്നവരുടെ ശ്രദ്ധക്ക്

ട്രൈബൽ മിഷന്റെ വേലയ്ക്കായി ധനസഹായം ചെയ്യുന്നവർ അത് മണിയോർഡർ ആയോ ഡ്രാഫ്റ്റ് ആയോ ചെക്ക് ആയോ ട്രൈബൽ മിഷന്റെ ഓഫീസിലേക്ക് അയക്കാവുന്നതാണ്. താഴെ കൊടുത്തിരിക്കുന്ന ഏതെങ്കിലും ബാങ്കിലേക്ക് നേരിട്ടും പണം അയക്കാവുന്നതാണ്

## A/c Name - Tribal Mission

1. **STATE BANK OF INDIA, PERUMBAVOOR TOWN BRANCH SB A/C NO: 57041605654, IFSC CODE : SBIN0070154**
2. **AXIS BANK LIMITED, PERUMBAVOOR SB A/C NO : 910010028193291, IFSC CODE : UTIB0000803**
3. **CSB BANK LTD , PERUMBAVOOR SB A/C NO : 015600705880190001, IFSC : CSBK0000156**
4. **DR. K. MURALIDAR, CSB BANK LTD, PERUMBAVOOR**
   **SB A/C NO :015600706354190001, IFSC CODE : CSBK0000156**
5. **താഴെ കൊടുത്തിരിക്കുന്ന QR CODE സ്കാൻചെയ്ത് G-PAY വഴിയും നിങ്ങളുടെ ഗിഫ്റ്റ് അയക്കാവുന്നതാണ്.**

**PLEASE NOTE : Since FCRA Permission has been withdrawn by the Govt. of India, Please do not send Foreign Currency to any of these accounts**




**സംഭാവന അയക്കുന്നവരുടെ ശ്രദ്ധക്ക്**

ശരിയായ അക്കൗണ്ടിംഗ് ആവശ്യത്തിനായ പണമടയ്ക്കലിന്റെ വിശദാംശങ്ങൾ (അഡ്രസ് സഹിതം) ഇ-മെയിൽ, ടെലിഫോൺ അല്ലെങ്കിൽ കത്ത് വഴി ഞങ്ങളെ അറിയിക്കാൻ അഭ്യർത്ഥിക്കുന്നു.

**ഞങ്ങളുടെ ഓഫീസ് അഡ്രസ്സ്**

TRIBAL MISSION
Iringole P.O., Perumbavoor - 683548, Ernakulam Dist, Kerala, India
Mob : + 91-484 2593 866, Mob : +91 - 9048013866

---

ആദിവാസി മേഖലകളിൽ പ്രവർത്തിക്കുന്ന ഒരു മിഷനറി കുടുംബത്തെ സ്പോൺസർ ചെയ്യുവാൻ നിങ്ങൾക്ക് മനസുണ്ടോ? വിശദവിവരങ്ങൾക്ക് വിളിക്കുക
ഫിനാൻസ് സെക്രട്ടറി : +91 9446869246/9048013866




അട്ടപ്പാടി ബഥനി ബാലഭവൻ
സിസ്റ്റർ സംഗീതയും കുടുംബവും സന്ദർശിച്ചപ്പോൾ



പിണവൂർ കുടി ട്രൈബൽ മിഷൻ ചർച്ച്




റാന്നി ചേത്തോംകര മീറ്റിംഗിൽ ട്രൈബൽ മിഷൻ പ്രവർത്തകർ



വയനാട്ടിൽ 8 മിഷനറിമാരെ ദൈവീക ശുശ്രൂഷകൾക്കായി സമർപ്പിച്ചുകൊണ്ട് ഡോ. കെ മുരളീധർ പ്രാർത്ഥിക്കുന്നു.







Printed, Published & Owned by Pr. T. Jayadas, Tribal News, Mob: 9747442935, Iringole P.O., Perumbavoor, Ernakulam Dist.-683548
e-mail : tribal_news@hotmail.com Design & Printing : Paul Graphics, Kuruppampady, Mob.: 9495220175